പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.151 — 28-6-2007 - ൽ മറുപടിയ്ക്ക്.

സർക്കാർ വകുപ്പുകളിലെ പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്താൻ നടപടി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. രാഘവൻ.<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി.<br>ശ്രീ. എം.കെ. പുരുഷോത്തമൻ.<br>ശ്രീ. വി. ചെന്താമരാക്ഷൻ.<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി ) |
| (എ) സർക്കാരിൻെറ വിവിധ വകുപ്പുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | സർക്കാർ ഉദ്യോഗങ്ങളിൽ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് ആകെയുള്ള 83 വകുപ്പുകളിലേയും ഉദ്യോഗസ്ഥ പ്രാതിനിധ്യം വാർഷിക അവലോകനത്തിന് വിധേയമാക്കാറുണ്ട്. ആകെയുള്ള തസ്തികകളിൽ 10% പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. ഇതിൽ 2% പട്ടിക വർഗ്ഗക്കാർക്കു മാത്രമായും ബാക്കി 8% തസ്തികകൾ പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കുമായി നിജപ്പെടുത്തി-യിരിക്കുന്നു. ഈ വിധത്തിലുള്ള സംവരണം ഉറപ്പാക്കുന്നതിന് ഓരോ വകുപ്പിലും ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ എണ്ണവും അവയിൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യവും വാർഷികമായി അവലോകനം ചെയ്ത് വിലയിരുത്താറുണ്ട്. നിശ്ചിത ശതമാനത്തിൽ കുറവുണ്ടെങ്കിൽ |

| | |
|---|---|
| | ഗസറ്റഡ് വിഭാഗത്തിൽ ഒരു ശതമാനവും നോൺ ഗസറ്റഡ് വിഭാഗത്തിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളുടെ 5 ശതമാനവും ലാസ്റ്റ് ഗ്രേഡിൽ 5 ശതമാനവും സ്പെഷ്യൽ റിക്രൂട്ട്മെൻറിനായി നിശ്ചയിച്ചു ഉത്തരവിറക്കാറുണ്ട്. കൂടാതെ സ്പെഷ്യൽ റിക്രൂട്ട്മെൻറിൻെറ പുരോഗതി പ്രതിമാസ അവലോകനത്തിന് വിധേയമാക്കി ഉറപ്പു വരുത്താറുണ്ട്. |
| (ബി) ഓരോ വകുപ്പിലും എത്ര വർഷം കൂടുമ്പോഴാണ് ഇതു സംബന്ധിച്ച അവലോകനം നടത്തുന്നത്; | എല്ലാ വർഷവും അവലോകനം നടത്തി വരുന്നു. |
| (സി) എത്ര വകുപ്പുകളിൽ പട്ടിക വിഭാഗങ്ങളുടെ അവലോകനം ഇതിനകം പൂർത്തിയാക്കി സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തിയിട്ടുണ്ട് ; - | ആകെയുള്ള 83 വകുപ്പുകളിൽ 78 വകുപ്പുകളിലേയും 2006 - ലെ വാർഷിക അവലോകനം പൂർത്തിയാക്കി ഉത്തരവിറക്കിയിട്ടുണ്ട്. 2007 - ലെ 19 വകുപ്പുകളിലെ അവലോകനം പൂർത്തിയാക്കി ഉത്തരവിറക്കിയിട്ടുണ്ട്. |
| (ഡി) എല്ലാ വകുപ്പുകളിലും അവലോകനം പൂർത്തിയാക്കി സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്താൻ നടപടി സ്വീകരിക്കുമോ; | നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) ഇപ്പോഴത്തെ കണക്കനുസരിച്ച് എത്ര തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്താനുണ്ടെന്ന് അറിയിക്കുമോ ? | പട്ടികവർഗ്ഗക്കാർക്കു മാത്രമായി സംവരണം ചെയ്ത 530 തസ്തികകളും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അപേക്ഷിക്കാവുന്ന 432 തസ്തികകളും ഉൾപ്പെടെ 962 തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖേന നിയമനം നടത്തേണ്ടതായി കാണുന്നു. |

O. Vasanthi Amma

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
5-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 152

28-6-2007-ൽ മറുപടിക്ക്

## റേഷൻ കാർഡിൽ ഫോട്ടോ പതിയ്ക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എം. മാണി<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) റേഷൻ കാർഡിൽ പതിയ്ക്കുന്നതിന് വേണ്ടിയുള്ള ഫോട്ടോ എടുക്കുന്നതിന് ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷനെ (കെൽട്രോൺ). |
| (ബി) ഇതിലേയ്ക്ക് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) ഇലക്ഷൻ തിരിച്ചറിയൽ കാർഡ് തയ്യാറാക്കി നൽകിയതിന്റെ പരിചയം ഉള്ളതുകൊണ്ടും ഈ രംഗത്ത് സാങ്കേതിക പരിജ്ഞാനമുള്ള ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലയ്ക്കുമാണ് കെൽട്രോണിനെ ഈ ജോലി ഏൽപ്പിച്ചത്. |
| (സി) ഒരു കാർഡിൽ ഫോട്ടോ പതിയ്ക്കുന്നതിന് എന്ത് ചെലവ് വരും; | (സി) ഒരു കാർഡിന്റെ പുറം ചട്ടകൾ ഫോട്ടോ പതിച്ച് വിവരങ്ങൾ ഉൾക്കൊള്ളിച്ച് ലാമിനേറ്റ് ചെയ്ത് നൽകുന്നതിന് |

— — — — — —

| | | |
|---|---|---|
| | | കെൽട്രോണിന് ടാക്സ് ഉൾപ്പെടെ 10.40 രൂപ നൽകാമെന്നാണ് കണക്കാക്കുന്നത് ; കൂടാതെ കാർഡിനുള്ളിലെ പേജുകൾ ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കുന്ന ചെലവും വഹിക്കേണ്ടതായി വരും. |
| (ഡി) | ഈ ചെലവ് ആരാണ് വഹിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ? | (ഡി) സർക്കാരാണ് ചെലവ് വഹിക്കുന്നത്. കഴിഞ്ഞ തവണത്തെ അതേ നിരക്കിൽ കാർഡ് ഒന്നിന് 15 രൂപാ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:153 28.06.2007-ൽ മറുപടിയ്ക്ക്

### സർക്കാർ ജീവനക്കാരുടെ സേവന വേതന വിവരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.സി. രാജഗോപാലൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ജീവനക്കാരുടെയും സേവന വേതന വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ ജീവനക്കാരുടെയും സേവന വേതന വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 'സ്പാർക്ക്' (SPARK-Service and Payroll Administrative Repository for Kerala) എന്നൊരു പദ്ധതി നടപ്പിലാക്കി വരുന്നു.<br>'സ്പാർക്ക്' ഒരു ഇൻറർനെറ്റ് അധിഷ്ഠിത പദ്ധതിയാണ്. ഓരോ സർക്കാർ ഓഫീസിനും ഇൻറർനെറ്റ് വഴിയോ കേരള സംസ്ഥാന വൈഡ് ഏരിയാ നെറ്റ് വർക്ക് (KSWAN) വഴിയോ പ്രസ്തുത പദ്ധതി അക്സസ് ചെയ്ത് ജീവനക്കാരുടെ സേവന/ വേതന കാര്യങ്ങൾ നിർവ്വഹിക്കാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ 'www.spark.gov.in' എന്ന വെബ് സൈറ്റിലും ലഭ്യമാണ്. |

ബി) ഓരോ ജീവനക്കാരനെയും സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് കമ്പ്യൂട്ടറിൽ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതുമൂലം കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; ഇതിനകം ഇക്കാര്യത്തിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്;

(ബി) ജീവനക്കാരുടെ സേവന പുസ്തകത്തിലെ വിവരങ്ങളാണ് പൂർണ്ണമായി കമ്പ്യൂട്ടറിൽ ശേഖരിക്കുന്നത്. ജീവനക്കാരുടെ സേവന വേതന സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുക, ബന്ധപ്പെട്ട റിപ്പോർട്ടുകൾ തയ്യാറാക്കുക, ശമ്പള ബഡ്ജറ്റ് തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾ വളരെ സുതാര്യമായും എളുപ്പത്തിലും നടത്തുന്നതിന് ഈ പദ്ധതി സഹായിക്കുന്നു എന്നതാണ് ഇതിന്റെ നേട്ടം.

24 വകുപ്പുകളിൽ ഈ പദ്ധതിയുടെ നിർവ്വഹണം പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. സെക്രട്ടേറിയറ്റ് ഉൾപ്പെടെ 13 ഓഫീസുകളിൽ ഈ സംവിധാനം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. 65845 ജീവനക്കാരുടെ സർവ്വീസ് രേഖകളുടെ ഡാറ്റാ എൻട്രി ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്.

സി) ജില്ലാടിസ്ഥാനത്തിൽ ഓഫീസുകളിലെ വിവര ശേഖരണം നടത്തുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ, കെൽട്രോൺ തുടങ്ങിയ ഏജൻസികൾ വഴി ഇപ്പോൾതന്നെ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും വിവര ശേഖരണം നടക്കുന്നുണ്ട്.

വളരെ സങ്കീർണ്ണവും ബൃഹത്തുമായ ഈ പദ്ധതി ഇപ്പോൾ ആരംഭ ദശയിലാണ്. മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന തരത്തിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.154 | 28.6.2007 ൽ മറുപടിയ്ക്ക്

കേന്ദ്ര കാർഷിക പാക്കേജും ക്ഷീരവികസന പദ്ധതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ.സി. ദിവാകരൻ (ഭക്ഷ്യ-ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) കേന്ദ്ര കാർഷിക പാക്കേജ് പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീമേഖലകളിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പ്രവർത്തനം വ്യക്തമാക്കുമോ; | (എ) മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുകളിൽ കേന്ദ്ര കാർഷിക പാക്കേജ് പ്രകാരം വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ 15.07 കോടി രൂപ ചെലവിലുള്ള ആനന്ദ് മോഡൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ ഉൽപ്പാദനക്ഷമതകൂടിയ 3000 മുന്തിയ ഇനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന നടപടി തുടരുന്നു. ഇവയ്ക്ക് സൗജന്യ നിരക്കിൽ തീറ്റയും പ്രജനന പരിപാടികളും നടത്തിവരുന്നു. ഈ ജില്ലകളിൽ 1500 കന്നു കുട്ടികൾക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കി വരുന്നു. പശുക്കൾക്ക് കൃത്രിമ ബീജധാനം സൗജന്യമാക്കി.<br>ക്ഷീര വികസന വകുപ്പിൽ കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ 10000 ലിറ്റർ ശേഷിയുള്ള മിൽക്ക് ചില്ലിംഗ് പ്ലാൻറും മിൽക്ക് പാക്കിംഗ് സ്റ്റേഷനും പാ;ലക്കാട് ജില്ലയിൽ 20000 ലിറ്റർ ശേഷിയുള്ള മിൽക്ക് ചില്ലിംഗ് പ്ലാന്റും മിൽക്ക് പാക്കിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ പദ്ധതി പുരോഗമിച്ചു വരികയാണ്. കാസർഗോഡ് ജില്ലയിൽ സ്ഥലമെടുപ്പിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചതുകയുടെ വിശ | (ബി) മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ 2 പശുക്കളുള്ള യൂണിറ്റ് സ്ഥാപിക്കു |

ദാംശം വ്യക്തമാക്കുമോ;

ന്നതിനുള്ള പദ്ധതി പ്രകാരം 168. 60 ലക്ഷം രൂപയും കൃത്രിമ ബീജ സങ്കലന പദ്ധതി പ്രകാരം 34.25 ലക്ഷം രൂപയും പുതുതായി വാങ്ങുന്ന പശുക്കൾക്കുള്ള തീറ്റ സൗജന്യ നിരക്കിൽ നൽകുന്ന പദ്ധതി പ്രകാരം 68.40 ലക്ഷം രൂപയും ചേർത്ത് ആകെ 271.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാകുകയെന്ന് വിശദമാക്കുമോ?

(സി) രണ്ടു പശുക്കളുള്ള ഡയറി യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ഗുണഭോക്താവിന് 30000 രൂപാ സബ്ഡിയായും 30000 രൂപാ ബാങ്ക് ലോണും ലഭിക്കുന്നു. പുതുതായി വാങ്ങുന്ന പശുക്കൾക്കുള്ള തീറ്റ സൗജന്യ നിരക്കിൽ നൽകുന്ന പദ്ധതി പ്രകാരം ഒരു പശുവിന് ഒരു വർഷത്തേയ്ക്ക് 9125 രൂപയുടെ ആനുകൂല്യം നൽകുന്നു. കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഓരോ ജില്ലയിലും പ്രതിവർഷം 500 കന്നുകുട്ടികൾക്ക് ഗുണനിലവാരമുള്ള തീറ്റ നൽകുന്നതിനായി ഒരു കന്നുകുട്ടിയ്ക്ക് 7300 രൂപയുടെ ആനുകൂല്യം ലഭ്യമാകും. കൂടാതെ വയനാട് , കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലെ കന്നുകാലികൾക്ക് സൗജന്യമായി കൃത്രിമ ബീജധാനവും വന്ധ്യതാ നിവാരണ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഒരു കന്നുകാലിയ്ക്ക് പരമാവധി 3 പ്രാവശ്യം സൗജന്യ കൃത്രിമ ബീജ സങ്കലനം നൽകുന്നതാണ്. കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീര സംഘങ്ങൾ വഴി സംഭരിക്കുകയും വിപണനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.

സെക്ഷൻ ഓഫീസർ

— — —

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 155 — 28.6.2007-ൽ മറുപടിക്ക്

## <u>പശുക്കുട്ടി പരിപാലനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. കെ. ബാബു<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. സി. ദിവാകരൻ, (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പശുക്കുട്ടി പരിപാലന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതിയിൽ എന്ത് പ്രായമുള്ള പശുക്കുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ബി) | സങ്കരയിനത്തിൽപ്പെട്ട നാലു മുതൽ ആറു മാസം വരെ പ്രായമുള്ള പശുക്കുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഈ പദ്ധതിയനുസരിച്ച് പശുക്കുട്ടികളെ സംരക്ഷിക്കുന്നതിന് എന്ത് ധനസഹായം നൽകും ; | (സി) | 6500/- രൂപ നൽകും (3250/- രൂപ മൃഗ സംരക്ഷണ വകുപ്പിൽ നിന്നും 3250/- രൂപ അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകും |
| (ഡി) | ഈ പദ്ധതിക്ക് എത്ര ചെലവു പ്രതീക്ഷിക്കുന്നു എന്നും ഈ തുക എപ്രകാരം കണ്ടെത്തും എന്നും അറിയിക്കുമോ ? | (ഡി) | ഈ പദ്ധതിക്കും അതിന്റെ നടത്തിപ്പിനുമായി 825/- ലക്ഷം രൂപ നടപ്പു ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 156 — 28.6.2007 ൽ മറുപടിക്ക്

## ക്ഷീരകർഷകർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ.എ.കെ. ചന്ദ്രൻ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) ക്ഷീര കർഷകർ കന്നുകാലി വളർത്തൽ ഉപേക്ഷിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) ക്ഷീരകർഷകർ കന്നുകാലി വളർത്തൽ ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കറവ തീരുമ്പോൾ പശുക്കളെ വിൽക്കുകയും, പുതിയ പശുക്കളെ വാങ്ങുന്ന മുറയ്ക്ക് വീണ്ടും ഈ പ്രവൃത്തിയിൽ വ്യാപൃതരാകുന്നതായും കണ്ടു വരുന്നു; |
| (ബി) ക്ഷീരകർഷകരെ ആ രംഗത്തു ഉറപ്പിച്ചു നിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | ക്ഷീരകർഷക ക്ഷേമനിധി നിയമപ്രകാരമുള്ള പദ്ധതികൾ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, സങ്കരയിനം പശുക്കളെ വിതരണം ചെയ്യുന്ന പശുഗ്രാമം പദ്ധതി, മിൽക്ക് ഷെഡ് ഡവലപ്പ്മെന്റ് പദ്ധതി, വ്യാപകമായ ഫോഡർ വിളകളുടെ കൃഷി, ക്ഷീരധാര, ഗോരേഖ, പ്രീമിയം ബുൾ പ്രോഗ്രാം, ഗോസുരക്ഷ, ഫോഡർ മിനി കിറ്റ്, എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ കന്നുകാലികളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന മേൽത്തരം ബീജം ഉൽപ്പാദിപ്പിച്ചുള്ള കൃത്രിമ ബീജധാന പദ്ധതി, കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള വിദഗ്ദ്ധ ചികിത്സ, രോഗനിയന്ത്രണ പദ്ധതികളും നടപ്പിലാക്കി വരുന്നു. വിദർഭാ മാതൃക |

| | |
|---|---|
| | പദ്ധതിയിലൂടെ കാസർകോഡ്, വയനാട്, പാലക്കാട് ജില്ലകളിൽ മുന്തിയ ഇനം പശുക്കളേയും, തീറ്റയും കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ഈ പദ്ധതിയിലൂടെ പശുക്കൾക്കുള്ള കൃത്രിമ ബീജധാനം സൗജന്യമാക്കിയിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ ഈ വർഷം 21,000 പശുക്കുട്ടികൾക്കും 2,000 എരുമക്കുട്ടികൾക്കും പോഷകമൂല്യമേറിയ കാലിത്തീറ്റ നല്കുന്നതാണ്. മേല്പറഞ്ഞ പദ്ധതികളിലൂടെ പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാനും ക്ഷീരകർഷകരെ ഈ രംഗത്ത് ഉറപ്പിച്ചു നിർത്തുവാനും കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |
| (സി) ഇതിനായി പാലിന് ന്യായമായ വില ഉറപ്പ് വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമോ? | (സി) പാലിനു ന്യായമായ വില കർഷകർക്കു ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.157 — 28.06.07 - ൽ മറുപടിയ്ക്ക്

## പൊതുജന പരാതി പരിഹാരസെല്ലിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എം.മോനായി<br>ശ്രീ.അൽഫോൻസ് കണ്ണന്താനം<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.പി.ടി.എ.റഹീം | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. പ്രവർത്തന റിപ്പോർട്ട് അവലോകനം ചെയ്ത് പ്രവർത്തനം വിലയിരുത്തുന്നു. |
| (ബി) സെല്ലിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) 2.5.2000-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.349/2000/ജി.എ.ഡി. പ്രകാരം മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതുതായി എന്തെങ്കിലും നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (സി) സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമായാണ് നടന്നു വരുന്നത്. പൊതുജനങ്ങളുടെ ഇടയിൽ ഇതിന്റെ പ്രവർത്തനത്തെക്കുറിച്ച് മാദ്ധ്യമങ്ങൾ വഴി കൂടുതൽ പ്രചാരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

അണ്ടർ സെക്രട്ടറി.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 158 28.6.2007-ൽ മറുപടിക്ക്

ഹൈടെക് ഡയറി ഫാമുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി.ഡി. സതീശൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ. സി. ദിവാകരൻ, (ഭക്ഷ്യ, ഭക്ഷ്യവും സിവിൽ സപ്ളൈസും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്ഷീരവികസനത്തിന് ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ ഫാമുകൾ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കെ.എൽ.ഡി ബോർഡിന്റെ മാട്ടുപ്പെട്ടി, ധോണി ഡയറി ഫാമുകൾ ഹൈടെക് ഡയറി ഫാമുകളാക്കി മാറ്റുന്നതാണ്. കൂടാതെ വയനാട്, ഇടുക്കി ജില്ലകളിലും ഹൈടെക് ഫാമുകൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇതിന് ഏതെല്ലാം ഏജൻസികളുടെ സഹായം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) | ഇത് സംയുക്ത സംരംഭമായി ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിന് പ്രവാസി മലയാളികളുടെ സഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ? | (ഡി) | പ്രവാസി മലയാളികളുമായി ഇത് സംബന്ധിച്ച് ബന്ധപ്പെട്ടു വരുന്നു. വ്യക്തമായ പ്രൊപ്പോസലുകൾ ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ

—— ——

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 159 — 28.6.2007 ൽ മറുപടിക്ക്

## പാൽക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) ഇപ്പോൾ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പാൽ ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും പാൽ ഇറക്കുമതി ചെയ്തു പാൽ ക്ഷാമം പരിഹരിച്ചു. |
| (ബി) ഇല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | (ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ ഇറക്കുമതി ചെയ്തു വിതരണം നടത്തുന്നതു കൂടാതെ, പാലിന്റെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട്, ക്ഷീരവികസന വകുപ്പും, മൃഗസംരക്ഷണ വകുപ്പും, കെ.എൽ.ഡി ബോർഡും സംയുക്തമായി താഴെ പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പശുഗ്രാമം, മിൽക്ക് ഷെഡ് വികസനം വ്യാപകമായ രീതിയിൽ തീറ്റപ്പുൽ കൃഷി ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കുക. സങ്കരജനിത കന്നുകാലി വികസനം പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും, രോഗനിയന്ത്രണം ശാസ്ത്രീയമായ കന്നുകാലി പ്രജനനനയം, പ്രീമിയം വിത്തുകാള, ഗോരേഖ, ക്ഷീരധാര ഗുണമേ |

ന്മകൂടിയ വിത്തുകളുടെ ഇറക്കുമതി തുടങ്ങിയവയാണ്.

(സി) സംസ്ഥാനത്ത് വിതരണത്തിനാവശ്യമായ പാലിന്റെ അളവ് എത്ര;

(സി) 80 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംസ്ഥാനത്ത് വിതരണത്തിനാവശ്യമാണെന്നു കണക്കാക്കപ്പെടുന്നു.

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്ര;

(ഡി)2006-07 ലെ കണക്കുകൾ പ്രകാരം 55.91 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നു എന്നു കണക്കാക്കപ്പെടുന്നു

(ഇ) പാലിന്റെ കാര്യത്തിൽ സംസ്ഥാനം സ്വയം പര്യാപ്തമാകുന്നതിന് അധികമായി ഉല്പാദിപ്പിക്കേണ്ട പാൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

(ഇ) ഇപ്പോഴത്തെ സ്ഥിതിയിൽ പ്രതിദിനം 24 ലക്ഷം ലിറ്റർ പാൽ സംസ്ഥാനം അധികമായി ഉല്പാദിപ്പിക്കുന്ന പക്ഷം പാലിന്റെ കാര്യത്തിൽ സംസ്ഥാനം സ്വയം പര്യാപ്തതയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 160 | 28-6-2007 ൽ മറുപടിക്ക്

## ഒമാനിലുണ്ടായ പ്രകൃതി ദുരന്തത്തിനിരയായ മലയാളികൾക്കുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ശക്തൻ<br>പ്രൊഫ. കെ.വി.തോമസ് | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഒമാനിലുണ്ടായ വെള്ളപ്പൊക്കത്തിൽ എത്ര മലയാളികൾക്ക് ജീവഹാനി സംഭവിക്കുകയോ അവരെ കാണാതാവുകയോ ചെയ്തിട്ടുണ്ട്; | (എ) രണ്ടു മലയാളികൾ മരിക്കുകയും മൂന്ന് പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) ദുരന്തത്തിൽപ്പെട്ട മലയാളികളെ സുരക്ഷിതമായി നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) ഒമാനിലെ ഇന്ത്യൻ എമ്പസിയേയോ സംസ്ഥാന സർക്കാരിനേയോ ഇതുവരെ ഇത്തരത്തിലൊരാവശ്യവുമായി ആരും സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് ധനസഹായം നല്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) ഒമാനിലെ പ്രകൃതിക്ഷോഭത്തിൽ ജീവനാശം സംഭവിച്ചവരുടേയോ, കാണാതായവരുടേയോ ബന്ധുക്കളോ ആശ്രിതരോ ധനസഹായത്തിനുവേണ്ടി ഇതുവരെ സർക്കാരിനെ സമീപിച്ചതായിക്കാണുന്നില്ല. ഇതു സംബന്ധിച്ച അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 161      28/6/2007 ന് മറുപടി നൽകേണ്ടത്

## പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. വി.ശശികുമാർ | ശ്രീ. വി.എസ്.അച്യുതാനന്ദൻ,<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ അപേക്ഷാസമ്പ്രദായം നടപ്പിലാക്കി. |
| ബി) ഇതിന്റെ ഫലമായി റാങ്ക്ലിസ്റ്റു തയ്യാറാക്കുന്നതിലും നിയമനത്തിന് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്നതിലും എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (ബി) റാങ്ക് ലിസ്റ്റ് തയ്യാറാക്കലും, നിയമന ശിപാർശയുമെല്ലാം വളരെ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) പുതുതായി ഏതെങ്കിലും വകുപ്പിന്റെ നിയമനം പി.എസ്.സി.ക്ക് വിട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; | (സി) അപ്രകാരം കാണുന്നില്ല |
| ഡി) 'ഓൺലൈനിൽ' അപേക്ഷ സ്വീകരിക്കുന്ന സമ്പ്രദായം എസ്.എസ്.എൽ. സി. അടിസ്ഥാന യോഗ്യതയുള്ള തസ്തിക മുതൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഓൺലൈൻ അപേക്ഷാസമ്പ്രദായം വ്യാപകമാക്കുന്ന പ്രക്രിയ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ. 162 | 28.06.07 -ൽ<br>മറുപടിക്ക് |

### "വ്യവസായ നയം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.രാജു എബ്രഹാം | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) സർക്കാരിന്റെ പുതിയ വ്യവസായ നയംഎന്തെല്ലാം മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്: | (എ) സർക്കാരിന്റെ പുതിയ നയം പരമ്പരാഗത മേഖലകൾ, കാർഷികോൽപ്പന്ന വ്യവസായം, സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങൾ, സൂക്ഷ്മ, ചെറുകിട, മദ്ധ്യതല സംരംഭങ്ങൾ, വൻകിട വ്യവസായങ്ങൾ ഉല്പാദന സേവന മേഖലകൾ, ബയോ-ടെക്നോളജി, ഖനനം, ജിയോളജി, വ്യാപാരവും വാണിജ്യവും, നഷ്ടത്തിലായ യൂണിറ്റുകളുടെ പുനർജ്ജീവനം, മനുഷ്യ വിഭവശേഷി വികസനം, സംരംഭകത്വ-വികസനം, തൊഴിൽ ബന്ധം, നിക്ഷേപ പ്രോൽസാഹനം, ഏകജാലക സംവിധാനം തുടങ്ങിയ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. |
| (ബി) ചെറുകിട വ്യവസായികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; | (ബി)സൂക്ഷ്മ ചെറുകിട മദ്ധ്യതല സംരംഭങ്ങൾക്ക് പുതിയ വ്യവസായ നയത്തിൽ താഴെപ്പറയുന്ന ആനുകൂല്യ-ങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ജന സാന്ദ്രത, കാർഷിക മേഖലയിലെ സമ്പന്നമായ അസംസ്കൃത വസ്തുക്കളുടെ ശേഖരം വിപുലമായ ഉപഭോഗ സമൂഹം എന്നിവ കണക്കിലെടുത്തുകൊണ്ട് സർക്കാർ |

സൂക്ഷ്മ, ചെറുകിട മദ്ധ്യതല സംരംഭങ്ങളുടെ വളർച്ചയ്ക്കനുകൂലമായ അന്തരീക്ഷം ഒരുക്കും. എം.എസ്.എം.ഇ. കൾ വൻതോതിൽ തൊഴിൽ അവസരം സൃഷ്ടിക്കുമെന്നുള്ളതിനാൽ ഈ മേഖല വിവിധ പദ്ധതികളിലൂടെ ശക്തമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കി എം.എസ്.എം. ഇ-കളുടെ വികസനം സാദ്ധ്യമാക്കും. സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകരണ പദ്ധതികളിൽ നിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തും. തദ്ദേശ സ്ഥാപനങ്ങളുടെ ഉപയോഗപ്പെടുത്താത്ത ഭൂമി ഉപയോഗിച്ച് സൂക്ഷ്മ,ചെറുകിട, മദ്ധ്യതല സംരംഭങ്ങൾ സ്ഥാപിക്കും. എസ്.എസ്.ഐ. യൂണിറ്റുകൾക്ക് വിലയിൽ മുൻഗണന, ഇ.എം.ഡി /സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവയിൽ നിന്നുള്ള ഇളവ് എന്നിവ ചില ഉപാധികളോടെ ലഭ്യമാക്കും. സൂക്ഷ്മ, ചെറുകിട സംരംഭകർക്ക് ബാങ്കിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് ആവശ്യമായ സഹായം വ്യവസായ വകുപ്പ് ഏജൻസികൾ ചെയ്തുകൊടുക്കുന്നതാണ്.

(സി) പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി ഹാന്റ്ലൂം ടെക്സ്റ്റയിൽ മേഖലയിൽ എന്തെല്ലാം ആനുകൂല്യങ്ങളും പദ്ധതികളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ;

(സി) പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി ഹാന്റ്ലൂം ടെക്സ്റ്റയിൽ മേഖലയിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങളും പദ്ധതികളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്; വൈദഗ്ദ്ധ്യ വികസനം, വിപണി മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് വസ്ത്ര നിർമ്മാണ മേഖലയെ പ്രമുഖ വ്യവസായ മേഖലയായി കണക്കാക്കുന്ന തരത്തിൽ പ്രത്യേക പദ്ധതികളും പാക്കേജുകളും നടപ്പാക്കി പ്രോത്സാഹിപ്പിക്കും മൂലധന പരിഷ്ക്കരണം, തടസ്സമില്ലാത്ത വായ്പാ വിതരണ സമ്പ്രദായം വൈവിദ്ധ്യമാർന്ന വിൽപ്പന

| | |
|---|---|
| | രീതി , വൈദഗ്ദ്ധ്യ വികസനം തുടങ്ങിയ നടപടികളിലൂടെ പൊതുമേഖലയിലെയും സഹകരണ രംഗത്തെയും വസ്ത്ര നിർമ്മാണ മില്ലുകളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് അവയെ സ്വാശ്രയത്വമുള്ളവയാക്കി തീർക്കുക. ആഗോളാടിസ്ഥാനത്തിൽ വളർന്നുവരുന്ന സാങ്കേതിക വസ്ത്ര നിർമ്മാണ വിപണിയിൽ ന്യായമായ ഓഹരി നേടുന്നതിന് പ്രത്യേക പദ്ധതി വികസിപ്പിക്കുക. യന്ത്രത്തറികളുടെ സാങ്കേതിക പരിഷ്കരണത്തിനും ഗാർഹികോൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി ആരംഭിക്കുക. ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് ക്ലസ്റ്റർ സൗകര്യങ്ങൾ വ്യാപകമാക്കുക. |
| (ഡി) അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ഡി) പുതിയ വ്യവസായ നയത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഡി. പുതിയ വ്യവസായ നയത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്:

സംസ്ഥാനത്തിന്റെ വ്യവസായവികസനത്തിനുള്ള പ്രധാന തടസ്സം അടിസ്ഥാനസൗകര്യത്തിന്റെ അഭാവമാണ്. ഉല്പാദന, സേവനമേഖലകളിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിന് ഉതകുന്നവിധത്തിൽ ലോകനിലവാരത്തിലുള്ള അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് ഗവൺമെന്റ് പ്രഥമ പരിഗണന നൽകും. കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഇത്തരം സൗകര്യങ്ങൾ സജ്ജമാക്കുവാൻ ഗവൺമെന്റ് പ്രത്യേക പദ്ധതികൾ തയ്യാറാക്കും.

വൻതോതിൽ നിക്ഷേപം ആകർഷിക്കാൻ ഉതകുന്ന തരത്തിൽ അടിസ്ഥാനസൗകര്യവികസനത്തിന് രൂപീകരിച്ച ഇൻഫ്രാസ്ട്രക്ചേഴ്സ് കേരളാ ലിമിറ്റഡ് (ഇൻകൽ) ഈ സാമ്പത്തിക വർഷം (2007-2008) പ്രവർത്തനമാരംഭിക്കുകയും പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യും.

വ്യവസായ സംരംഭകർക്ക് ഭൂമിലഭ്യത, പ്രകൃതി, വിസ്തീർണം, മൂല്യം തുടങ്ങിയ നിർണായക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭൂമിവിവരബാങ്ക് രൂപീകരിക്കും.

വ്യവസായ-വാണിജ്യ ആവശ്യത്തിന് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കും.

അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ, പാലങ്ങൾ എന്നിവയുൾപ്പെടെയുള്ള സംസ്ഥാന ഹൈവേ വികസിപ്പിക്കും.

ലോകനിലവാരമുള്ള ഉൾനാടൻ ജലപാതയും ചെറുകിട-ഇടത്തരം-വൻകിട തുറമുഖങ്ങളും വികസിപ്പിക്കും.

വൻകിട വ്യവസായ ജലവിതരണ പദ്ധതികൾ, വൈദ്യുതി വിതരണ പദ്ധതികൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ വ്യാവസായിക മേഖലയിൽ സ്ഥാപിക്കും.

പ്രവാസി ഇന്ത്യക്കാരായ നിക്ഷേപകർക്ക് വേണ്ടി പ്രത്യേകമായി ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കും.

ടെലികമ്മ്യൂണിക്കേഷൻ മേഖലയിൽ ആഗോളമായുള്ള സാധ്യതകൾ കണക്കിലെടുത്ത് സംസ്ഥാനത്ത് ടെലികമ്മ്യൂണിക്കേഷൻ വ്യവസായങ്ങളുടെ ശൃംഖല രൂപപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യമൊരുക്കും.

നഗരപ്രദേശങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള സൗകര്യം

---

നൽകുന്നതാണ്.

**ഊന്നൽ മേഖലകളും ഭാവി ലക്ഷ്യങ്ങളും**

മികച്ച വ്യാവസായിക വളർച്ചയ്ക്കും പ്രാദേശിക വികസനത്തിന്റെ സമതുലിതമായ വികസനത്തിനും വ്യാവസായിക, അടിസ്ഥാനസൗകര്യമേഖലയുടെ വികസനത്തിനും സംയോജിത സമീപനം സ്വീകരിക്കും. ഇതിനായി നിരവധി വ്യാവസായിക പാർക്കുകൾ/വ്യവസായ ടൗൺഷിപ്പുകൾ/വ്യാവസായിക ഇടനാഴികൾ/പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവ സ്ഥാപിക്കും. പദ്ധതിക്കാലത്ത് ഉദ്ദേശിക്കുന്ന പ്രധാന നടപടികൾ താഴെ കൊടുക്കുന്നു:

**മെഗാ വ്യവസായ പാർക്കുകൾ:** കേരളത്തെ സ്വദേശ,വിദേശ നിക്ഷേപകരുടെ ഇഷ്ടലക്ഷ്യസ്ഥാനമായി മാറ്റുന്നതിന് കിൻഫ്രയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ മെഗാ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കും. പാലക്കാട്ട് സംയോജിത ടെക്സ്റ്റൈൽ പാർക്ക്, വയനാട്ടിൽ മെഗാ ഫുഡ് പാർക്ക് എന്നിവയും സ്ഥാപിക്കും.

**വ്യാവസായിക ടൗൺഷിപ്പുകൾ:** വ്യാവസായിക മേഖലകളിൽ വ്യവസായ സംരംഭകർക്ക് ലോകനിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഇൻഡസ്ട്രിയൽ ടൗൺഷിപ്പുകൾ സ്ഥാപിക്കും. ഇതിനായി പാലക്കാട് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് എന്നിയ പ്രോജക്ട്, തിരുവനന്തപുരം, എറണാകുളം, പാലക്കാട് തുടങ്ങിയയിടങ്ങളിൽ നോളജ് സിറ്റികൾ എന്നിവ ലക്ഷ്യമിടുന്നു.

**പ്രത്യേക സാമ്പത്തിക-മേഖലകൾ (സെസുകൾ):** കേരളത്തിലെ പരിതസ്ഥിതിക്ക് യോജിക്കുന്ന വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സംവിധാനങ്ങളുമുള്ള ഉല്പന്നാധിഷ്ഠിത സെസുകൾ, (സേവനസെസുകൾ ഉൾപ്പെടെ) പ്രോൽസാഹിപ്പിക്കും. കോഴിക്കോട്, കണ്ണൂർ, മലപ്പുറം, കാസർകോഡ് എന്നിവിടങ്ങളിൽ കെഎസ്ഐഡിസിയുടെയും കിൻഫ്രയുടെയും നേതൃത്വത്തിൽ മേഖലാടിസ്ഥാനത്തിലുള്ള സെസുകൾ സ്ഥാപിക്കുന്നതിനും കിൻഫ്രയുടെ നേതൃത്വത്തിൽ ജെം ആന്റ് ജുവലറി സെസ്, ടെക്സ്റ്റൈൽ സെസ്, ബയോടെക്നോളജി സെസ് എന്നിവ സ്ഥാപിക്കുന്നതിനും നടപടികൾ ആരംഭിക്കും. വ്യാപാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഫ്രീ ട്രേഡ് ആന്റ് വെർഹൗസിങ് സോൺ (എഫ്ടിസെഡ്) കൊച്ചിയിൽ സ്ഥാപിക്കുന്നതിന് കെഎസ്ഐഡിസി മുൻകൈ എടുക്കും.

**വ്യാവസായിക ഇടനാഴികൾ:** വ്യാവസായിക ഇടനാഴികളെന്ന നിലയിൽ സംസ്ഥാനത്ത് മൂന്നു മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഇവ വാണിജ്യജില്ലകളായി അറിയപ്പെടും.

കഴക്കൂട്ടത്തുനിന്ന് കോവളം വരെയും കഴക്കൂട്ടത്തുനിന്നു കൊല്ലം വരെയും ദേശീയപാതയോടു ചേർന്ന് ഐടി, ഐടി അധിഷ്ഠിത മേഖലകൾ എന്നിവയ്ക്കായി ഇടനാഴികൾ.

കൊച്ചിയിൽ തുറമുഖം, വിമാനത്താവളം എന്നിവയ്ക്ക് അരികിലായി ബയോടെക്നോളജി, ഹൈടെക്, ഇലക്ട്രോണിക്സ് ഇടനാഴി.

പാലക്കാട് ദേശീയപാതയോടു ചേർന്ന് കഞ്ചിക്കോടു മുതൽ വാളയാർവരെ ഭക്ഷ്യസംസ്കരണ, തുണിവ്യവസായ ഇടനാഴി.

**മേഖലാധിഷ്ഠിത വ്യാവസായിക പാർക്കുകൾ:** തെരഞ്ഞെടുക്കപ്പെട്ട പ്രധാന മേഖലകളിൽ കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിക്കും. വരും വർഷങ്ങളിൽ മേഖലാധിഷ്ഠിതമായി കൊച്ചിയിൽ വാട്ടർ ക്രാഫ്റ്റ് പാർക്ക്, പ്രിന്റ് വില്ലേജ് തുടങ്ങിയവ ആരംഭിക്കാൻ നടപടി തുടങ്ങി. ഇത്തരത്തിൽ പ്രത്യേക മേഖലാധിഷ്ഠിത വ്യാവസായിക പാർക്കുകൾ തുടർച്ചയായി സ്ഥാപിക്കും.

ഇലക്ട്രോണിക്സ് ഹാർഡ് വെയർ, ഗൃഹോപകരണങ്ങൾ, സെമികണ്ടക്ടർ ഉപകരണങ്ങൾ എന്നിവയിൽ അന്താരാഷ്ട്രതലത്തിൽ മുൻനിരക്കാരായവരെ ആകർഷിക്കുന്നതിന് ഇലക്ട്രോണിക്സ് ഹബ് സ്ഥാപിക്കുവാൻ കെഎസ്ഐഡിസി മുൻകൈ എടുക്കും.

**വസ്തു ഏറ്റെടുക്കലിനും വസ്തു ഉപയോഗത്തിനുമുള്ള നടപടികൾ**

വ്യാവസായിക-വ്യാപാര ഉപയോഗങ്ങൾക്കായി വസ്തു പാട്ടത്തിനെടുക്കുന്നതിനും വികസന പദ്ധതികൾക്കായി വസ്തു ഉടമകൾ ഓഹരി പങ്കാളികളാകുന്നതിനുമുള്ള നടപടികൾ സർക്കാർ പ്രോൽസാഹിപ്പിക്കും. വസ്തു ഉടമകളുടെ താൽപര്യം കണക്കിലെടുത്ത് ആകർഷകമായ പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കും.

**വസ്തു ഏറ്റെടുക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം:** പൊതു-സ്വകാര്യ സംരംഭക കൂട്ടായ്മയിൽ വസ്തു ഏറ്റെടുക്കലിനും അത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിനും സുതാര്യമായ സംവിധാനം കണ്ടെത്തും.

**ഭാവി വികസനത്തിനായി തൊട്ടുചേർന്നുള്ള വസ്തു ഏറ്റെടുക്കൽ:** ഭാവിയിലെ വികസനത്തിനും അടുത്ത ഘട്ടം ആരംഭിക്കുന്നതിനും ഭാവിയിൽ വസ്തുവിന്റെ ലഭ്യതയുടെ പ്രശ്നം പരിഹരിക്കുന്നതിനും നിർമാണം ഏറ്റെടുക്കുന്നതിന് അടുത്തു കിടക്കുന്ന വസ്തു ഭാവിയിൽ വാങ്ങുന്നതിന് കോൾ ഓപ്ഷൻ സൗകര്യം ഏർപ്പെടുത്തും. ഇതിനായി സർക്കാരിലേക്ക് നിശ്ചിത വർഷങ്ങളിൽ വാർഷിക പ്രീമിയം അടയ്ക്കണം. ഭൂവുടമയ്ക്ക് വിപണിയിലെ വില നൽകും. നെൽകൃഷി ചെയ്തുവരുന്ന ഭൂമി വ്യാവസായികാവശ്യത്തിന് ഏറ്റെടുക്കുന്നത് കഴിയുന്നിടത്തോളം ഒഴിവാക്കും.

**ഭൂമി ബാങ്ക്:** സംസ്ഥാനത്ത് വ്യവസായിക വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നത് സ്ഥലലഭ്യതയുടെ പരിമിതിയാണ്. തന്ത്രപ്രധാനമായ കേന്ദ്രങ്ങളിൽ വ്യവസായ വികസനം ലക്ഷ്യമിട്ട് സർക്കാരിന്റെ നേതൃത്വത്തിൽ 'ഇൻകൽ'ഭൂമി ഏറ്റെടുക്കും. ഈ വസ്തു ഭാവിയിലെ വ്യവസായ വളർച്ചയ്ക്കും അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യങ്ങൾക്കുമായി ഭൂമി ബാങ്കുകളായി നിലനിർത്തും.

**നിലവിലുള്ള വ്യാവസായികവസ്തു/പ്ലോട്ട് വ്യവസായ പാർക്കായോ എസ്റ്റേറ്റായോ മാറ്റുന്നതിനുള്ള അനുവാദം:** അഞ്ചു വർഷമായി ഒരു വസ്തുവിൽ/പ്ലോട്ടിൽ തുടരുന്ന വ്യവ

സായങ്ങൾക്കാണ് ഇങ്ങനെ മാറുന്നതിന് അനുമതി നൽകുന്നത്. ഉല്പാദനം തുടങ്ങുകയും എന്നാൽ കോടതിയുടെയോ സർക്കാരിന്റെയോ ഉത്തരവനുസരിച്ചോ ബിഐഎഫ്ആർ രോഗ ഗ്രസ്ഥമെന്ന് പ്രഖ്യാപിച്ചതുമൂലമോ പ്രവർത്തനം നിർത്തേണ്ടി വരികയും ചെയ്യുന്ന സ്ഥാപന ങ്ങൾക്ക് ഇങ്ങനെ മാറുന്നതിന് അഞ്ചു വർഷം എന്നതിൽ ഇളവു നൽകും.

**അടിസ്ഥാന സൗകര്യങ്ങൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തം:** സംസ്ഥാനത്ത് ബൃഹത് നിക്ഷേ പങ്ങൾ ആകർഷിക്കുന്നതിനും അതിനോടനുബന്ധിച്ചുള്ള ടെക്നോ മനേജീരിയൽ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിനും സർക്കാർ അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തം (പിപിപി) പ്രോൽസാഹിപ്പിക്കും. പിപിപി പദ്ധതികൾ വികസിപ്പിക്കുന്ന തിന് സ്വകാര്യമേഖലാ കമ്പനികളെ സുതാര്യമായ ഓപ്പൺ ബിഡ് നടപടികളിലൂടെ തെരഞ്ഞെ ടുക്കും.

**ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസം:** സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളും സുരക്ഷാനടപടികളും ഏർപ്പെടുത്തും. സംസ്ഥാനത്ത് ദ്രുതഗതിയിൽ നടക്കുന്ന വ്യവസായവൽക്കരണത്തിന് അനു യോജ്യമായ രീതിയിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തും.

**മറ്റു സംഭാവനകൾ:**

വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ച് നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ, ഡെവ ലപ്പ്മെന്റ് പ്ലോട്ട്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഗ്രോത്ത് സെന്റർ തുടങ്ങിയവ ആധുനീകരിക്കു കയും വികസിപ്പിക്കുകയും പരിഷ്കരിക്കുകയും ചെയ്യും.

അനുവദിച്ചിട്ടും ഉപയോഗപ്പെടുത്താത്ത വസ്തു/ഉപയോഗപ്പെടുത്താത്ത അടിസ്ഥാന സൗകര്യ ങ്ങൾ എന്നിവ വീണ്ടെടുത്ത് മറ്റുള്ളവർക്ക് നൽകുന്നതിനും മറ്റ് യൂണിറ്റുകൾ തുടങ്ങുന്നതിനും നടപടികളെടുക്കും.

നിയമാവലികളനുസരിച്ച് ഡിഎ/ഡിപി പ്ലോട്ടുകൾ, സിഡ്കോ പ്ലോട്ടുകൾ എന്നിവയ്ക്ക് പട്ടയം നൽകുന്നത് വേഗത്തിലും സുതാര്യവുമാക്കും.

വ്യവസായ പ്ലോട്ടുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയില്ല. ഭൂമിയുടെ ഊഹ ക്കച്ചവടം അനുവദിക്കില്ല.

സ്ഥിരമായ പ്രദർശന നഗരികൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലാണ് ആരംഭിക്കുക.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 163 — 28/6/2007 ൽ മറുപടിയ്ക്ക്

**സ്മാർട്ട് സിറ്റിയ്ക്ക് സ്ഥലം നൽകിയവർക്ക് ജോലിയും പുനരധിവാസവും.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹിദ്,<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്മാർട്ട്സിറ്റിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്ത് താമസിക്കുന്നവരിൽ ഓരോ വീട്ടിൽനിന്നും ഒരാൾക്കെങ്കിലും ജോലി നൽകുമെന്ന് യു.ഡി.എഫ്.ഗവൺമെന്റ് സമ്മതിച്ചിരുന്നോ; പ്രസ്തുത വ്യവസ്ഥപ്രകാരം ജോലി നൽകാൻ ഈ ഗവൺമെന്റു നടപടി സ്വീകരിക്കുമോ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സ്മാർട്ട് സിറ്റിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്ത് താമസിക്കുന്നവരിൽ ഓരോ വീട്ടിലും ഒരാൾക്കെങ്കിലും ജോലി നൽകാമെന്ന് യു.ഡി.എഫ്.ഗവൺമെന്റ് സമ്മതിച്ചിട്ടില്ല. സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതിലേക്കായി ഒപ്പിട്ടിരിക്കുന്ന കരാറിൽ ഇത് സംബന്ധിച്ച് വ്യവസ്ഥകളില്ല. |
| (ബി) സ്മാർട്ട്സിറ്റിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമൂലം സ്ഥലം നഷ്ടപ്പെടുന്നവർക്ക് പുനരധിവാസത്തിനായി നൽകുന്ന ഭൂമിയിലേക്ക് വെള്ളം, വൈദ്യുതി, ഗതാഗതം മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഉറപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) സ്മാർട്ട്സിറ്റിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നത് മൂലം സ്ഥലം നഷ്ടപ്പെടുന്നവർക്ക് ഒരു പ്രത്യേക പുനരധിവാസപാക്കേജ് ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

Padmanabhan

സെക്ഷൻആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:164 28.6.2007-ൽ മറുപടിക്ക്

കാലിത്തീറ്റ ഉല്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. വി. ശശികുമാർ | | ശ്രീ. സി. ദിവാകരൻ, (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) | |
| (എ) | കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) | കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നീ സ്ഥാപനങ്ങളാണ് കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ. കേരള ഫീഡ്സ് ലിമിറ്റഡിൽ, 2002 -03 ൽ ശരാശരി പ്രതിദിനം 350 മെട്രിക് ടൺ ഉല്പാദനം ഉണ്ടായിരുന്നത് അടുത്ത വർഷങ്ങളിൽ 386 **MT** , 418 **MT** എന്നിങ്ങനെ വർദ്ധിപ്പിച്ച് 2005-06 ൽ 461 **MT** ആക്കി വർദ്ധിപ്പിച്ചിരുന്നു. ഉല്പാദനം ഇനിയും കൂട്ടാനുള്ള ശ്രമത്തിന്റെ ഭാഗമായി **rated capacity 650 MT** ആക്കി വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനപ്രക്രിയയിൽ മാറ്റം വരുത്തി പുതിയ പെല്ലറ്റ് മില്ലും അനുബന്ധ ലൈൻ ബാലൻസിംഗ് ഫെസിലിറ്റിയും ഏർപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്ങ് ഫെഡറേഷന്റെ (മിൽമ) കീഴിൽ മലമ്പുഴയിൽ പ്രവർത്തിക്കുന്ന കാലിത്തീറ്റ മിശ്രണ ഫാക്ടറിയുടെ ഉല്പാദനം 200 മെട്രിക് ടണ്ണിൽ നിന്നും 300 മെട്രിക് ടൺ ആയി ഉയർത്തുന്നതിന് നടപടിയാരംഭിച്ചു. മിൽമയുടെ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. |
| (ബി) | 'കേരള ഫീഡ്സ്' പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | ഉണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, മലപ്പുറം ജില്ലയിലെ ആതവനാട് എന്നീ സ്ഥലങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്. ആതവനാട് പ്രതിവർഷം 1200 ടൺ ഉല്പാദനശേഷിയുള്ള മിനറൽ മിക്സ്ചർ പ്ലാന്റും കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിൽ പ്രതിദിനം |

| | | | |
|---|---|---|---|
| | | | 500 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ഏറ്റവും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പുതിയ കാലിത്തീറ്റ ഫാക്ടറിയും സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ട്. |
| (സി) | കാലി ത്തീറ്റയ്ക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ ; എങ്കിൽ എന്ത് തുകയാണ് സബ്സിഡിയായി നൽകുന്നത് ; | (സി) | പൊതുവിൽ കാലിത്തീറ്റയ്ക്ക് സർക്കാർ സബ്സിഡി നൽകുന്നില്ല. എന്നാൽ കന്നുകുട്ടി പരിപാലന പദ്ധതി, വിദർഭ പദ്ധതി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുന്ന കന്നുകുട്ടികൾക്കും കറവപശുക്കൾക്കും സബ്സിഡിയോടു കൂടി സൗജന്യനിരക്കിൽ കാലിത്തീറ്റ നൽകി വരുന്നുണ്ട്. ഈ പദ്ധതിയിൽ 3250 രൂപ സബ്സിഡിയും പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 1500 കർഷകർക്ക് 279 ലക്ഷം രൂപ സബ്സിഡി നൽകുന്നു. |
| (ഡി) | സ്വകാര്യമേഖലയിൽ കാലത്തീറ്റ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | സ്വകാര്യ മേഖലയിൽ കാലിത്തീറ്റ ഫാക്ടറികൾ പ്രോത്സാഹിപ്പിക്കുന്നതിന് തൽക്കാലം നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ ജില്ലാ പഞ്ചായത്തുകൾ, ക്ഷീര വിപണന സംഘങ്ങൾ എന്നിവയുടെ മേൽനോട്ടത്തിൽ കാലിത്തീറ്റ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 165

28/06/2007 ൽ മറുപടിക്ക്.

ദേശീയ ജലപാത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ദേശീയ ജലപാത നിർമ്മാണത്തിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;<br><br>(ബി) കൊല്ലം - കോട്ടപ്പുറം ജലപാത എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;<br><br>(സി) പ്രസ്തുത പാതയുടെ അവശേഷിക്കുന്ന പണികൾ എന്തെല്ലാമാണ് ; | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) കോട്ടപ്പുറം - നീലേശ്വരം ജലപാത എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ; | (ഡി) കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ഭാഗത്തെ നിലവിലുള്ള കനാലുകൾ ഗതാഗത യോഗ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച (12-ാം ധനകാര്യ കമ്മീഷൻ അവാർഡായി ലഭിച്ച) ഫണ്ട് പ്രകാരം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ വടകര വരെയും അഴീക്കൽ മുതൽ നീലേശ്വരം വരെയുള്ള ജലപാത 2010 - ൽ ഗതാഗത യോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) നിർദ്ദിഷ്ട ജലപാതയിൽ കയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഇ) കൈയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ അധികാരികളുടെ മേൽ നോട്ടത്തിൽ നടന്നുവരുന്നുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ -- അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 166 28-06-2007ന് മറുപടിക്ക്

## മലയാളം ഔദ്യോഗികഭാഷയാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ഹംസ<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി) |
| (എ) മലയാളം ഔദ്യോഗികഭാഷ യാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എത്രമാത്രം ഫലപ്രാപ്തി യിലെത്തിയെന്ന് വ്യക്തമാക്കുമോ; | (എ) ഔദ്യോഗികഭാഷാ ആക്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയായി 69 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും 36 അർദ്ധ സർക്കാർ സ്വയംഭരണ പൊതുമേഖലാ സ്ഥാപനങ്ങളിലും ഭരണഭാഷമലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റ് തലത്തിൽ 50 ശതമാനവും വകുപ്പു തലത്തിൽ 80 ശതമാനവും ഭരണഭാഷാമാറ്റം കൈവരിച്ചു എന്ന് വകുപ്പുകൾ നൽകിയ കണക്കിൽ നിന്ന് വ്യക്തമാകുന്നു. ജില്ലാ-താലൂക്ക് തലങ്ങളിൽ മിക്ക വകുപ്പുകളിലും ഭാഷാമാറ്റം ഏതാണ്ട് പൂർണ്ണമായി വരുന്നു. വിവിധ വകുപ്പുകളുടെ കോഡുകൾ, മാനുവലുകൾ, ഫോറങ്ങൾ തുടങ്ങിയവ അതതു വകുപ്പിൽ പരിഭാഷ ചെയ്തു വരുന്ന മുറയ്ക്ക് സൂക്ഷ്മ പരിശോധന നടത്തിക്കൊടുക്കുന്നു. സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഔദ്യോഗികഭാഷാ പരിശീലന പരിപാടിയിൽ പതിനായിരത്തോളം സർക്കാർ ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്. ഭാഷാമാറ്റത്തിന് സഹായകമായ വിധത്തിൽ സർക്കാർ സി-ഡിറ്റിന്റെ സഹായത്തോടു കൂടി നിർമ്മിച്ച ഔദ്യോഗിക മലയാളം സോഫ്റ്റ്വെയർ - നിള, |

കാവേരി എന്നിവ - ഫലപ്രദമായി വിവിധ ഓഫീസുകളിൽ ഉപയോഗിക്കുന്നുണ്ട്. ഭാഷാമാറ്റത്തിന് സഹായകമായി സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ യഥാസമയം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. വർഷംതോറും സംഘടിപ്പിക്കുന്ന മലയാളദിനാഘോഷവുംഭരണഭാഷാവാരാഘോഷവും മുഖേന ഉദ്യോഗസ്ഥരെയും മാധ്യമ പ്രതിനിധികളെയും പൊതുജനങ്ങളെയും ഭരണഭാഷാമാറ്റത്തിന്റെ ആവശ്യകതയും അതു സംബന്ധിച്ച വിവിധ നടപടികളും ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പൂർണ്ണമായ നേട്ടം കൈവരിച്ച വകുപ്പുകൾ ഏതെല്ലാമാണ്;

(ബി) പഞ്ചായത്ത്, റവന്യൂ, സഹകരണം, ഗ്രാമവികസനം, സാമൂഹികക്ഷേമം എന്നീ വകുപ്പുകളിൽ ഭാഷാമാറ്റം ഏതാണ്ട് പൂർണ്ണമായിട്ടുണ്ട്. സെക്രട്ടേറിയറ്റ് തലത്തിൽ ഔദ്യോഗികഭാഷാ വകുപ്പ്, സാംസ്കാരിക വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് തുടങ്ങിയവയിൽ ഭാഷാമാറ്റം പൂർണ്ണമാണ്. (നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികൾ ഒഴികെയുള്ള എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുക എന്നതാണ് നിലവിലുള്ള നിർദ്ദേശം. ഇംഗ്ലീഷിലും മറ്റും കത്ത് അയയ്ക്കുന്ന ഫയലുകളിലെയും കുറിപ്പുകൾ മലയാളത്തിൽ എഴുതാനും നിർദ്ദേശിച്ചിട്ടുണ്ട് )

(സി) മലയാളം ഔദ്യോഗികഭാഷയാക്കുന്ന നടപടികൾക്കൊപ്പം ഭാഷാസ്നേഹം വളർത്താൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഉണ്ട്. ഔദ്യോഗികഭാഷാവകുപ്പിന്റെ നേതൃത്വത്തിൽ നോർക്കയുടെയും വിവരപൊതുജനസമ്പർക്ക വകുപ്പിന്റെയും സഹകരണത്തോടെ ഡൽഹിയിലും സമീപപ്രദേശങ്ങളിലുമുള്ള മലയാളികളുടെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഡൽഹിയിൽ മലയാളഭാഷ പഠനകേന്ദ്രം ആരംഭിച്ചു. ഒരു വർഷം വീതം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഹയർ ഡിപ്ലോമ കോഴ്സുകൾക്ക് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയ്യാറാക്കിക്കൊടുത്തു. മലയാളി

സംഘടനകളുടെ സഹകരണത്തോടും പങ്കാളിത്ത ത്തോടും ആരംഭിച്ച ഈ പദ്ധതിക്ക് ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്. ഒരു വർഷം കൊണ്ട് 100 കേന്ദ്രങ്ങൾ തുടങ്ങാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിൽ മൂന്നു മാസത്തിനുള്ളിൽ 150 കേന്ദ്രങ്ങൾ ആരംഭിച്ചു. 2007 ഏപ്രിലിൽ സർക്കാർ മാതൃകാപരീക്ഷയും വാർഷിക പ്പരീക്ഷയും നടത്തി. ആയിരത്തോളം കുട്ടികൾ പരീക്ഷ എഴുതിയതിൽ 97 ശതമാനവും വിജയിച്ചു. പഠനകേന്ദ്രങ്ങൾക്ക് സർക്കാർ യാതൊരു സാമ്പത്തിക സഹായവും നൽകുന്നില്ല. മലയാളഭാഷാ പഠനകേന്ദ്ര ങ്ങൾ മറ്റു പ്രദേശങ്ങളിലും ആരംഭിക്കുന്നതിന് ആലോചനയുണ്ട്.

(ഡി) കോടതി ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് ഹൈക്കോടതിയുമായി ചർച്ച നടത്തിയിണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ കീഴിലുള്ള സിവിലും ക്രിമിനലുകളുമായ കോടതി കളിൽ മലയാളഭാഷ ഉപയോഗിക്കുന്നതിന് നിലവിൽ നിർദ്ദേശമുണ്ട്. കീഴ്ക്കോടതികളിലെ ഭരണ ഭാഷയും, വ്യവഹാരഭാഷയും പൂർണ്ണമായും മലയാളമാക്കുന്നതിനെ സംബന്ധിച്ചും ഹൈക്കോടതി യിൽ മലയാളം ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും സർക്കാർ ഹൈക്കോടതി രജിസ്ട്രാറുമായി ചർച്ച നടത്തിവരുന്നുണ്ട്. കോടതിഭാഷ സംബന്ധിച്ച് ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചർച്ചകൾ പുരോഗമിക്കുന്നത്. 2007 മാർച്ച് 17-ന് സർക്കാർ ഹൈക്കോടതിയുമായി നടത്തിയ ചർച്ചയിൽ കോടതിഭാഷ മലയാളമാക്കുന്നതിന് മുന്നോടിയായി ചെയ്യേണ്ട ഏഴ് കാര്യങ്ങൾ പൂർത്തി യാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണമെന്ന് തീരുമാനിക്കുക യുണ്ടായി. ആ ഏഴ് കാര്യങ്ങൾ താഴെപ്പറയുന്നു.

1) പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപന ങ്ങൾ മുതലായവ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് കോടതിയുടെ ഉപയോഗത്തിന്

സൗജന്യമായി അച്ചടിച്ച് വിതരണം ചെയ്യുക.

2) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീംകോടതിക്കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുക.

3) നിയമശബ്ദാവലി തയ്യാറാക്കി പ്രസിദ്ധീകരിക്കുക

4) ആവശ്യത്തിനുള്ള മലയാളം ടൈപ്പിസ്റ്റുമാരുടെയും ചുരുക്കെഴുത്തുകാരുടെയും തസ്തിക കോടതികളിൽ സൃഷ്ടിക്കുക

5) ആവശ്യത്തിന് മലയാളം ടൈപ്പ്റൈറ്ററുകൾ വിതരണം ചെയ്യുക

6) ഹൈക്കോടതിഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി ന്യായാധിപൻമാർക്ക് പരിശീലനം നൽകുക

7) നിയമവിദ്യാഭ്യാസം മലയാളത്തിലാക്കുക

കോടതിഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടി മേല്പറഞ്ഞ സ്ഥിര സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുകയാണ്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. 167

28/6/2007 - ൽ മറുപടിക്ക്

## ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ടെക്നോളജി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) | തിരുവനന്തപുരത്ത് നിർദ്ദിഷ്ട ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ടെക്നോളജിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എവിടെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | തിരുവനന്തപുരം ജില്ലയിലെ പൊന്മുടി |
| (സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിലും അതിന്റെ പ്രവർത്തനത്തിലും സംസ്ഥാന സർക്കാരിന്റെ പങ്ക് എന്താണെന്ന് വെളിപ്പെടുത്താമോ; | (സി) | പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന് മുഴുവൻ ധനസഹായവും ഇൻഡ്യൻ ബഹിരാകാശ വകുപ്പുവഴി കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നത്. സംസ്ഥാന സർക്കാർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനാവശ്യമായ വെള്ളം, വൈദ്യുതി, റോഡുബന്ധങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകും. ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാനേജ്മെന്റ് ബോർഡിൽ സംസ്ഥാന ചീഫ് സെക്രട്ടറി അംഗമായിരിക്കും. |

5.167

(ഡി). എന്നത്തേയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ആവശ്യമായ നടപടി 2007-2008 വർഷത്തിൽ ആരംഭിക്കുവാൻ കഴിയുമെന്ന് ഐ.എസ്.ആർ.ഒ. അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 166 — 26.6.2007 ൽ മറുപടിക്ക്

## വിലവർദ്ധനവ് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് ;<br>ശ്രീ. എം. ഉമ്മർ ;<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ ഒരു മാസത്തിനിടയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഓപ്പൺ മാർക്കറ്റിൽ ചില നിത്യോപയോഗ സാധനങ്ങളുടെ വില നേരിയ തോതിൽ വർദ്ധിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു ? | (ബി) വിലക്കയറ്റം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. |

അവശ്യസാധനങ്ങളുടെ കമ്പോള ഇടപെടലിനും, വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, സൂപ്പർ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, നീതി സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ അവശ്യ സാധനങ്ങൾ വ്യാപകമായി വിതരണം ചെയ്തുവരുന്നു. കൂടാതെ, പൊതുകമ്പോളത്തിലെ എല്ലാ കടകളിലും വില വിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നിർദ്ദേശിച്ചും, വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുമായും, വ്യാപാരി വ്യവസായി പ്രതിനിധികളുമായും ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുമായും സർക്കാർ ചർച്ചകൾ നടത്തുകയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയും സഹകരണ സ്ഥാപനങ്ങൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട ഔട്ട്‌ലെറ്റുകൾ വഴിയും അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് വിലനിലവാരം നിരീക്ഷിച്ച് വരുന്നു. ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ

5.168

[illegible]

[illegible] 10% [illegible] 40% [illegible] 2551 [illegible] 6 [illegible]

[illegible] 2% [illegible] – [illegible] 15.5.2007 [illegible] 15.6.2007 [illegible]

[illegible] (11 [illegible]) [illegible]

[illegible] 3.7% [illegible] 3 [illegible]

[illegible]

[illegible]

RBC. ND (011-27462500) 51095

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 169 | 28. 6. 2007 -ൽ മറുപടിക്ക് |

## കൈത്തറി മേഖലയിൽ മാത്രം ഉല്പാദിപ്പിക്കാവുന്ന തുണിത്തരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അജിത്<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയിൽ മാത്രമേ ഉല്പാദനം നടത്താൻ പാടുള്ളൂ എന്ന് നിബന്ധനയുള്ള തുണിത്തരങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ; | (എ) ഉണ്ട്. കൈത്തറി മേഖലയിൽ മാത്രമായി ഉൽപ്പാദനം നടത്തുവാൻ പാടുള്ളൂ എന്ന് നിബന്ധനയുള്ള പതിനൊന്നിനം തുണിത്തരങ്ങൾ നിലവിലുണ്ട്. അതിനെക്കുറിച്ചുള്ള ബന്ധപ്പെട്ട ഉത്തരവ് അന്യത്ര ചേർക്കുന്നു. |
| (ബി) മില്ലുടമകളും . പവർലൂം ഉടമകളും ഈ നിബന്ധന ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിച്ച് ഈ വ്യവസായത്തെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഇതു സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| (സി) മില്ലുടമകളും. പവർലൂം ഉടമകളും ഇത്തരം തുണികൾ ഉല്പാദിപ്പിക്കുന്നതിനെതിരെ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) സംസ്ഥാന സർക്കാർ ഇത്തരം നിയമ വിരുദ്ധ നടപടികളെ ചെറുക്കുന്നതിനു വേണ്ടി ഹാന്റ്‌ലൂം ഡയറക്ടറേറ്റിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ, ഒരു ഇൻസ്പെക്ടർ, രണ്ട് ക്ലാർക്കുമാർ, ഒരു ഡ്രൈവർ എന്നിവരടങ്ങുന്ന ഒരു എൻഫോഴ്സ്മെന്റ് സംവിധാനം പ്രവർത്തിക്കുന്നു. ഇവരുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഉടനീളം പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കൈത്തറി/പവർലൂം ഉടമസ്ഥർക്കും നെയ്ത്തുകാർക്കുമായി ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# വസ്ത്ര മന്ത്രാലയം

## ഉത്തരവ്

**ന്യൂഡൽഹി, 26-7-1996**

എസ്.ഒ. 557(ഇ)........1985-ലെ കൈത്തറി (ഉത്പാദനത്തിനുള്ള ഇനങ്ങളുടെ സംവരണം) നിയമം വകുപ്പ് 3, ഉപവകുപ്പ് (1) പ്രകാരമുള്ള അധികാരം ഉപയോഗിച്ചും ഇന്ത്യാഗവൺമെന്റിന്റെ ടെക്സ്റ്റയിൽ മന്ത്രാലയത്തിലെ 4-8-1986-ലെ 459 (ഇ) നമ്പർ ഉത്തരവും, 6-8-1986-ലെ 47/(ഇ) നമ്പർ ഉത്തരവും അസ്ഥിരപ്പെടുത്തിക്കൊണ്ടും കേന്ദ്ര ഗവൺമെന്റ്, ഉപദേശക സമിതി ഗവൺമെന്റിന് സമർപ്പിച്ച ശുപാർശകൾ പരിഗണിച്ച് ആയത് കൈത്തറി വ്യവസായത്തിന്റെ സംരക്ഷണത്തിനും വികസനത്തിനും ആവശ്യമാണ് എന്ന് ബോദ്ധ്യമായതിനാൽ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ എടുത്തുപറഞ്ഞിട്ടുള്ള ഇനങ്ങളോ ഇനങ്ങളുടെ വർഗ്ഗങ്ങളോ കൈത്തറിയിൽ മാത്രം ഉത്പാദിപ്പിക്കുന്നതിനുവേണ്ടി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സംവരണം ചെയ്തിരിക്കുന്നതായി ഇതിനാൽ നിർദ്ദേശിച്ചിരിക്കുന്നു.

### പട്ടിക

| ക്രമ നമ്പർ | ഇനങ്ങൾ | കൈത്തറിയിൽ ഉത്പാദിപ്പിക്കുന്നതിനായി സംവരണം ചെയ്യപ്പെട്ടതിന്റെ വ്യാപ്തി |
|---|---|---|
| 1. | സാരി | (എ) പരുത്തിനൂൽകൊണ്ടോ സിൽക്കുനൂൽകൊണ്ടോ, അല്ലെങ്കിൽ ഇതു രണ്ടും ഉപയോഗിച്ചോ, ഏതളവിലും നൂൽ നമ്പരിലും നിർമ്മിക്കപ്പെട്ട "സാരി" എന്ന പേരിൽ പരക്കെ അറിയപ്പെടുന്നതും താഴെപറയുന്ന സവിശേഷതകളോടും കൂടിയ തുണിത്തരം. |
| | | (i) തുണിയുടെ ബോഡിയിലോ നെടുകെയും കുറുകെയും ഉള്ള കരയിലോ പ്രത്യേക പാവനൂൽ ഡിസൈനോ ഊടുനൂൽ ഡിസൈനോ ഉള്ളതും ബ്ലീച്ചു ചെയ്തതോ, അല്ലാത്തതോ, നിറമുള്ളതോ ആയ നൂൽ, കസവ്, മററു ലോഹ നൂലുകൾ, ലോഹം പൂശിയ ഏതെങ്കിലും ചേരുവ എന്നിവ ഉപയോഗിച്ചുള്ള ബൂട്ടാ ഡിസൈനുകളോടുകൂടിയവ. |
| | | (ii) നിറമുള്ള നൂൽ ഉപയോഗിച്ച് നെയ്ത കട്ടിക്കരയോടുകൂടിയവ. |
| | | (ബി) പരുത്തി, സിൽക്ക്, ആർട്ട് സിൽക്ക് നൂലുകൾ ഏതെങ്കിലുമോ ഇവയിൽ ഏതെങ്കിലും ചേരുവകൾ ഉപയോഗിച്ചോ നൂൽനമ്പരും അളവുകളും ബാധകമല്ലാതെ പാവുവഴിയിലോ ഊടവഴിയിലോ, പ്രത്യേക പാവുനൂൽ പ്രത്യേക ഊടനൂൽ ഉപയോഗിച്ച് നെയ്ത കട്ടിക്കരയുള്ള ടൈ ആന്റ് ഡൈ സാരി. |
| | കുറിപ്പ്: | (i) എന്നാൽ 100% കൃത്രിമ നാര്, നൂൽ, അതായത് പോളിസ്റ്റർ, നൈലോൺ തുടങ്ങിയവയോ ഇവയിൽ ഏതെങ്കിലും ചേരുവകളോ ഉപയോഗിച്ച്, നെയ്ത സാരികൾക്ക് ഈ നിർദ്ദേശങ്ങൾ ബാധകമല്ല. |

(ii) 45 ശതമാനത്തിലധികം തൂക്കമുള്ള കൃത്രിമ നാര്, നൂല് (വിസ്കോസ് റെയോൺ ഉൾപ്പെടെ) സ്വാഭാവികമോ കൃത്രിമമോ ആയ നാര്, നൂല് എന്നിവയുമായി കൂട്ടിക്കലർത്തി നിർമ്മിക്കപ്പെട്ട സാരികൾക്ക് ഈ നിർദ്ദേശങ്ങൾ ബാധകമല്ല.

(iii) ക്രേപ്പ്, ഷിഫോൺ, ചിനോൾ, ജോർജെറ്റ്, പരുത്തി, വോയിൽ സാരികൾക്കും ഈ നിർദ്ദേശങ്ങൾ ബാധകമല്ല.

(4) കരയിൽ പ്രത്യേക പാവുനൂൽ ഡിസൈനുകൾ ഉള്ള കോടിയോ, ബ്ലീച്ച് ചെയ്തതോ ആയ സിൽക്ക് സാരികൾക്ക് ഈ നിർദ്ദേശങ്ങൾ ബാധകമല്ല.

**ദോത്തി**

പരുത്തിയിലോ, സിൽക്കിലോ അതിന്റെ ഏതെങ്കിലും ചേരുവയിലോ അഗ്രഭാഗം ഉൾപ്പെടെ 16 ഡെന്റ്സുകളിൽ കൂടുതൽ ഉപയോഗിച്ചുള്ള കരയിൽ പ്രത്യേക പാവുനൂൽ ഡിസൈനോ, ഊടനൂൽ ഡിസൈനോ രണ്ടും കൂടിയോ (നെയ്തെടുത്ത നിറമുള്ള കട്ടിക്കര ഉൾപ്പെടെ) ഉള്ളതും കുറുകെയുള്ള കരയിൽ പ്രത്യേക ഊടനൂൽ ഡിസൈനോടു കൂടിയതുമായ ഏതളവിലും നൂൽനമ്പരിലും നിർമ്മിക്കപ്പെട്ട "ദോത്തി" എന്ന് പരക്കെ അറിയപ്പെടുന്ന തുണി.

**കുറിപ്പ്:**

(i) 100% കൃത്രിമ നാര്/നൂൽ അതായത് പോളിസ്റ്റർ, നൈലോൺ തുടങ്ങിയവയോ ഉപയോഗിച്ച് നിർമ്മിച്ച ദോത്തികൾക്ക് ഈ നിർദ്ദേശങ്ങൾ ബാധകമല്ല.

(ii) 45 ശതമാനത്തിൽ അധികം തൂക്കത്തിൽ കൃത്രിമ നാര്/നൂൽ (വിസ്കോസ് റെയോൺ ഉൾപ്പെടെ) ഏതെങ്കിലും സ്വാഭാവികമോ കൃത്രിമമോ ആയ നാര്/നൂൽ എന്നിവയുമായി കൂട്ടിക്കലർത്തി നിർമ്മിക്കപ്പെട്ട ദോത്തികൾക്ക് ഈ നിർദ്ദേശങ്ങൾ ബാധകമല്ല.

**ടൗവ്വൽ, ഗഞ്ചായും അംഗവസ്ത്രവും**

പ്ലെയിൻ, മാറ്റ്, ടിൽ, ഹണികോമ്പ്, ഹക്കബക്ക് എന്നീ വീവുകളിലോ അതിന്റെ ഏതെങ്കിലും ചേരുവകളിലോ നെയ്തതും, നെടുകെയോ കുറുകെയോ കരയുള്ളതും താഴെപ്പറയുന്ന സ്വഭാവ വിശേഷങ്ങളോടുകൂടിയതുമായ ഒരു തുണിയാണ് ടൗവ്വൽ.

(1) പരുത്തിയിലോ പരുത്തിയും മറ്റു നാരുകളും ചേർന്ന ബ്ലെൻഡുകളിലോ നിർമ്മിക്കപ്പെട്ടവ

(2) വ്യത്യസ്ത അളവുകളിൽ നിർമ്മിക്കപ്പെട്ടവ

(3) വെള്ളയോ നിറമുള്ളതോ ആയവയും

(4) ജക്കാർഡിൽ ഉണ്ടാക്കുമ്പോൾ അലങ്കാരിക ഡിസൈനുകൾ ഉള്ളതുമായവ

(5) 'മാറ്റ്' വീവിലുള്ള ടൗവ്വലുകൾ കേരളത്തിൽ ഈരെഴ തോർത്തെന്നും തമിഴ്നാട്ടിൽ ഈരെഴ തുണ്ടെന്നും പരക്കെ അറിയപ്പെടുന്നതും ഗഞ്ചായും അംഗവസ്ത്രവും ഇതിൽ ഉൾപ്പെടുന്നതുമാണ്.

ലുങ്കി

പരുത്തിയിലോ ആർട്ട് സിൽക്കിലോ അവയുടെ ഏതെങ്കിലും ചേരുവകളിലോ നിർമ്മിക്കപ്പെടുന്നതും 116 സെന്റീമീറ്ററിലോ അതിൽ കൂടുതലോ വീതിയുള്ളതും ഒരു ഇഞ്ചിൽ 64 പാവ് നൂലിൽ കൂടുതൽ ഉള്ളതുമായ പലവർണ്ണ നിറമുള്ള നൂലുപയോഗിച്ച് ചെക്ക് പാറ്റേണിലോ സ്ട്രൈപ്പ് പാറ്റേണിലോ ഇവ രണ്ടിലുമോ നെയ്യപ്പെടുന്നതുമായ ഒരു തുണിയാണ് ലുങ്കി.

ബെഡ്സ്, ബെഡ്ഷീറ്റ്, ബെഡ് കവർ, കൗണ്ടർ പാൻ, ഫർണിഷിങ്ങ് (ടേപ്പെസ്ട്രി, അപ്ഹോൾസ്റ്ററി ഉൾപ്പെടെ)

പരുത്തിയിലോ ആർട്ട് സിൽക്കിലോ അവയുടെ ഏതെങ്കിലും ചേരുവകളിലോ നിർമ്മിക്കപ്പെടുന്നവയും കൂടുതൽ മെതികൾ ഉള്ളതോ ഡോബിയുള്ളതോ, സാധാരണ പരുത്തി പാവ് മാത്രമാണെങ്കിൽ 200 ഹുക്ക് വരെയുള്ളതും പരുത്തിയും ആർട്ട് സിൽക്കും ചേർന്ന ചേരുവയാണെങ്കിൽ 400 ഹുക്ക്‌വരെയുള്ള ജക്കാർഡുള്ളതുമായ തറിയിൽ ഏതു നൂൽ നമ്പരിലും അളവുകളിലും ഡിസൈൻ പാറ്റേണിൽ നിർമ്മിക്കപ്പെട്ടവയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേക പേരുകളിൽ വിളിക്കപ്പെടുന്നവയുമായവയാണ് ഡബിൾ ക്ലോത്തും ടൈ ആന്റ് ഡൈ ഉൾപ്പെടെയുള്ള ബെഡ്സ്, ബെഡ്ഷീറ്റ്, ബെഡ്കവർ, കൗണ്ടർ പാൻ, ഫർണിഷിങ്ങ് (ടേപ്പെസ്ട്രി, അപ്ഹോൾസ്റ്ററി ഉൾപ്പെടെ)

കുറിപ്പ്

പ്ലെയിൻ ഷീറ്റിന് ഈ നിർദ്ദേശങ്ങൾ ബാധകമല്ല.

ജംകാളം, ദുരി അല്ലെങ്കിൽ ദുറെറ്റ്

പരുത്തി, ആർട്ട് സിൽക്ക്, കമ്പിളി എന്നിവ ഓരോന്നിലോ ഏതെങ്കിലും ചേരുവകളിലോ നിർമ്മിക്കപ്പെട്ടതും പരുക്കൻ ഒറ്റ നൂലിലോ പിരിച്ച നൂലോ ഉപയോഗിച്ച് കിട്ടുന്ന നമ്പരിലുള്ള നൂലിലോ ഒരു ഇഞ്ചിൽ 24 പാവിഴകൾ ഉള്ളതുമായ പ്ലെയിൻ വീവിലോ ടിൽ വീവിലോ രണ്ടും ചേർന്ന മിശ്ര വീവിലോ നെയ്യപ്പെട്ട ജംകാളം, ദുരി അല്ലെങ്കിൽ ദുറെറ്റ് എന്ന പേരിൽ പൊതുവെ അറിയപ്പെടുന്നവ.

ഡ്രസ്സ് മെറ്റീരിയൽ

പരുത്തിയിലോ സിൽക്കിലോ (ടസർ സിൽക്ക് ഉൾപ്പെടെ) ആർട്ട് സിൽക്കിലോ ഇതിന്റെ ഏതെങ്കിലും ചേരുവകളിലോ നെയ്യപ്പെട്ടതും കരയിലോ പല്ലവിലോ രണ്ടിലുമോ പ്രത്യേക ഉടനൂൽ ഡിസൈനോടുകൂടിയതും ഏതു നൂൽ നമ്പരിലും അളവിലും നിർമ്മിക്കപ്പെട്ടതുമായ ഷർട്ടു തുണി, ടൈ ആന്റ് ഡൈ തുണി ഉൾപ്പെടെയുള്ള ഡ്രസ്സ് മെറ്റീരിയൽ തെലിയാറുമാൽ, റിയൽ മദ്രാസ് ഹാൻഡ് കർചീഫ് എന്ന പേരുകളിൽ പൊതുവേ അറിയപ്പെടുന്നവയും ഇതിൽ ഉൾപ്പെടുന്നു.

ബാരക്ക് ബ്ലാങ്കറ്റ്സ്, കമ്പൾ അല്ലെങ്കിൽ കമ്പിളീസ്

എ. ബാരക്ക് ബ്ലാങ്കറ്റ് എന്നാൽ ശരാശരി 34 മൈക്രോണോ അതിനേക്കാൾ പരുപരുത്ത കമ്പിളിരോമങ്ങൾ ഉപയോഗിച്ചോ ഉണ്ടാക്കിയതും, മില്ലിങ്ങോ, റൈസിങ്ങോ നടത്തി രോമാവൃതമായ പ്രതലമാക്കിയതുമായ കട്ടികൂടിയ തുണിയാണ്. സ്വാഭാവിക ഗ്രേ നിറത്തിലോ, കറുപ്പിലോ, അല്ലെങ്കിൽ രണ്ടിന്റേയുംകൂടി മിശ്രിതമുള്ളതോ ആയ കമ്പിളി

രോമംകൊണ്ട് കൈകൊണ്ട് പിരിച്ചതോ, മില്ലിൽ ഉണ്ടാക്കിയതോ ആയ ഏതളവിലും വീതിയിലും നിർമ്മിക്കപ്പെട്ട ബാരക്ക് ബ്ലാങ്കറ്റും ഇതിൽ ഉൾപ്പെടും.

ബി. കമ്പൾ അഥവാ കമ്പിളിയെന്നാൽ ശരാശരി 34 മൈക്രോണോ അതിനേക്കാൾ പരുപരുത്ത കമ്പിളിരോമമുപയോഗിച്ചോ ഉണ്ടാക്കിയതും മില്ലിങ്ങോ, റെയിസിങ്ങോ നടത്തി രോമാവൃതമായ പ്രതലമാക്കിയതുമായ കട്ടികൂടിയ തുണിയാണ്. കൈകൊണ്ടു പിരിച്ചെടുത്തതോ, മില്ലിൽ നിർമ്മിച്ചതോ വൂർസ്റ്റഡോ, കമ്പിളിയോ, അല്ലെങ്കിൽ രണ്ടിന്റേയും മിശ്രിതത്തിലുള്ളതോ ആയ നൂൽ ഉപയോഗിച്ച്, പ്ലെയിനോ, ചെക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും ഡിസൈനിലോ നിർമ്മിച്ച കമ്പൾ അഥവാ കമ്പിളികളും ഇതിൽ ഉൾപ്പെടും.

സി. താണതരം കമ്പിളിനൂൽ (അതായത്, ഉപയോഗിച്ചതോ, പുനരുദ്ധീകരിച്ചതോ ആയ കമ്പിളിയിൽ നിന്നോ, കൃത്രിമ നാരിനാൽ ഉൽപ്പാദിപ്പിക്കപ്പെട്ട പഴയതുണികളിൽ നിന്നോ ഉണ്ടാക്കിയ നൂൽ) ഉപയോഗിച്ച് നിർമ്മിക്കുന്ന ബാരക്ക് ബ്ലാങ്കറ്റ് കമ്പൾ അഥവാ, കമ്പിളികൾക്ക് (എ) യിലും (ബി) യിലും പറയുന്ന കാര്യങ്ങൾ ബാധകമല്ല (വസ്ത്രമന്ത്രാലയത്തിന്റെ 1999 ജൂൺ രണ്ടിലെ എസ്.ഒ. 408 (ഇ) പ്രകാരം പുതുക്കി നിർണ്ണയിക്കപ്പെട്ടത്)

ഷാൾ, ലോയി, മഫ്ളർ, പാൻസി മുതലായവ

വൂർസ്റ്റഡ്, കമ്പിളി, കാഷ്മീരിന്റെ പഷ്മിന തുടങ്ങിയ നാരുകളിൽ ഏതെങ്കിലുമോ ഇതിന്റെ മിശ്രിതങ്ങളോ ബ്ലെൻഡുകളോ ഉപയോഗിച്ച് ചെയ്തതും പുരുഷൻമാരോ, സ്ത്രീകളോ ശരീരം മറയ്ക്കുന്നതിനോ കഴുത്തിൽ ഇടുന്നതിനോ ഉപയോഗിക്കുന്നതും തുന്നൽ പണികളൊന്നും ചെയ്തിട്ടില്ലാത്തതുമായ താഴെപ്പറയുന്ന വിശേഷതകളോടു കൂടിയ ഒരു കഷണം തുണിയുമാണ് ഷാൾ.

(1) ഏതെങ്കിലും നാരിൽ പ്രത്യേക ഊടനൂൽ ഉപയോഗിച്ചോ അല്ലാതെയോ ഡിസൈനോടുകൂടി നെയ്തത്.
(2) ഏതു തരം കമ്പിളി നൂലോ വൂർസ്റ്റഡ് നൂലോ ബ്ലെൻഡ് ചെയ്ത നൂലോ അതിന്റെ ഏതെങ്കിലും മിശ്രിതങ്ങൾ ഉപയോഗിച്ചോ നെയ്തത്.
(3) ഏതു നമ്പരിലുള്ള നൂൽ ഉപയോഗിച്ചും നെയ്തത്.
(4) ഏതു നീളത്തിലും വീതിയിലും നെയ്തെടുത്തും നെയ്തത്.
(5) ഈ പേരുകളിൽ പരക്കെ അറിയപ്പെടുന്നത് ഷാൾ എന്ന പദത്തിൽ ലോയി, പാൻസി എന്നിവ ഉൾപ്പെടുന്നു. അതുപോലെ മഫ്ളറുകളും, കുളു, കിന്നാരി, കമ്പി, പാഷ്മിന, ദോറി, ലിറാങ്കോ (ട്രിബ്യൂട്ടർ), സ്കാർഫ് തുടങ്ങിയ പരമ്പരാഗതമായ ഷാളുകളും ഇതിൽപ്പെടുന്നതാണ്.

കമ്പിളി ട്വീഡ് കമ്പിളി

കോട്, ജാക്കറ്റ്, മറ്റു വസ്ത്രങ്ങൾ എന്നിവ ഉണ്ടാക്കുന്നതിന് 100 ശതമാനം യഥാർത്ഥ കമ്പിളിനൂൽ ഉപയോഗിച്ചു നെയ്തതും താഴെപ്പറയുന്ന സവിശേഷതകളോടുകൂടിയതുമായ ഒരു കഷണം തുണി.

(1) ചെക്ക് ഡിസൈനിലും സ്ട്രൈപ്പ് ഡിസൈനിലും അല്ലാത്ത ബാധകമല്ലാതെ ഉല്പാദിപ്പിക്കപ്പെട്ടത്.

(2) 3 ടിൽ വീവിൽ ഉല്പാദിപ്പിച്ചത്.

| | | |
|---|---|---|
| 11 | ചദ്ദർ മേഖല/ ഫാനക് | ശരീരത്തിന്റെ കീഴ്ഭാഗമോ മുകൾഭാഗമോ രണ്ടും കൂടിയോ മറയ്ക്കുന്നതിനുവേണ്ടി പരുത്തിയോ, സിൽക്കോ ആർട്ട് സിൽക്കോ അതിന്റെ ഏതെങ്കിലും ചേരുവകളോ ഉപയോഗിച്ച് ഉല്പാദിപ്പിക്കപ്പെട്ടതും ഏതളവിലും ഏതു നിറത്തിലും ചെക്കോ, സ്ട്രൈപ്പോ ഡിസൈനോടു കൂടി പ്ലെയിൻ വീവിലോ ടിൽ വീവിലോ നെയ്തതും, പ്രത്യേക പാവ് നൂലോ പ്രത്യേക ഊടനൂലോ രണ്ടും ചേർന്നതോ ആയ ഡിസൈനോടുകൂടിയ നെടുകെയോ, കുറുകെയോ രണ്ടിലുമോ കരയുള്ള സവിശേഷതയുള്ളതും. |

കുറിപ്പ്

ഈ നിർദ്ദേശത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

(1) മിസോറാമിലെ പാൺ

(2) മേഘാലയയിലെ ധാരാ, ജെയിൻസെം ... ഖർണ്ണോ, ദക്സരി

(3) നാഗാലാൻഡിലേയും അരുണാചൽ പ്രദേശിലേയും പാവാടകളും ഓയാനാ തുണികളും

(4) ത്രിപുരയിലെ റിഹയും 'പഞ്ചോറി'യും

(5) തെക്കൻ സംസ്ഥാനങ്ങളിലെ പാവാട (ലെഹംഗ)/ദാവണി

(6) ആസ്സാമിലെ മക്കോണാ, മേകാ, ... ഫനേക്

(നമ്പർ 2/10/95 ... ...)

ബി.പ്രദീപ് ...

ജോയിന്റ് സെക്രട്ടറി &
ഡെവലപ്മെന്റ് കമ്മീഷണർ (കൈത്തറി)

---

വ്യവഹാരങ്ങൾക്കും മറ്റു നിയമപരമായ ആവശ്യങ്ങൾക്കും ഇംഗ്ലീഷിലും ഹിന്ദിയിലും ഉള്ള അസൽ നോട്ടിഫിക്കേഷനാണ് ബാധകമായിട്ടുള്ളത്

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 170 28-6-2007 ൽ മറുപടിക്ക്

ഗൾഫ് മലയാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം.എ. സലാം<br>ശ്രീ.എ.കെ.ശശീന്ദ്രൻ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് മേഖലയിലെ പൊതുമാപ്പിനെ തുടർന്ന് നൂറു കണക്കിന് പ്രവാസിമലയാളികൾ തിരിച്ചുവരുന്ന സാഹചര്യത്തിൽ അത് ഉളവാക്കുന്ന സാമൂഹ്യസാമ്പത്തിക മേഖലയിലെ ഗുരുതരാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇവരുടെ പുനരധിവാസം അടിയന്തിര സ്വഭാവത്തോടുകൂടി ഏറ്റെടുക്കാൻ തയ്യാറാകുമോ ? | **(എയും ബിയും)**<br>ഗൾഫ് രാജ്യങ്ങളിൽ പൊതുമാപ്പ് പ്രഖ്യാപിച്ചതായ വിവരം ഔദ്യോഗികമായി സർക്കാരിന് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ യഥാർത്ഥമായ വിവരങ്ങൾ ലഭിച്ചതിനുശേഷം സ്ഥിതിഗതികൾ വിലയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

൩

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമുള്ള ചോദ്യം നമ്പർ: 171 — 28.06.2007-ൽ മറുപടിയ്ക്ക്

**ലോക്സഭാ-നിയമസഭാ നിയോജക മണ്ഡല പുനർനിർണ്ണയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ.പ്രതാപൻ എം.എൽ.എ. | ശ്രീ. വി.എസ്. അച്യുതാനന്ദൻ (ബഹു: മുഖ്യമന്ത്രി) |
| (എ) 2002-ലെ "ഡീലിമിറ്റേഷൻ ആക്ട്" പ്രകാരം സംസ്ഥാനത്തെ ലോക്സഭാ - നിയമസഭാ മണ്ഡലങ്ങളുടെ മണ്ഡല പുനഃ ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ ഇത് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരും; | (എ) ലോക്സഭാ - നിയമസഭാ മണ്ഡലങ്ങളുടെ പുനഃക്രമീകരണം സംബന്ധിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ 31. 05.2005-ലെ 282/കെ.എൽ/05 എന്ന നമ്പരിലുള്ള വിജ്ഞാപനം 31. 05.2005-ൽ തന്നെ 1822/ഇഎൽ3/2002/ഇലക്. എന്ന നമ്പർ പ്രകാരം സംസ്ഥാന സർക്കാർ പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഡീലിമിറ്റേഷൻ കമ്മീഷൻ വിജ്ഞാപനം അനുസരിച്ചുള്ള പുനർനിർണ്ണയം പ്രാബല്യത്തിൽ വരുന്നത് ബഹു: ഇൻഡ്യൻ പ്രസിഡന്റിന്റെ അനുമതി ലഭിക്കുന്ന തീയതി മുതൽക്കാണ്. |
| (ബി) ഇതിൻ പ്രകാരം സംസ്ഥാനത്ത് എത്ര ലോക്സഭാ-നിയമസഭാ മണ്ഡലങ്ങളാണ് നിലവിൽ വരുന്നത്; അവ ഏതൊക്കെ; ഇതിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങൾ പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ട്? | (ബി) ലോക്സഭാ മണ്ഡലങ്ങൾ- 20<br>നിയമസഭാ മണ്ഡലങ്ങൾ- 140<br>ലോക്സഭാ-നിയമസഭാ മണ്ഡലങ്ങൾ ഏതൊക്കെയാണെന്നും, പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള മണ്ഡലങ്ങൾ ഏതൊക്കെയാണെന്നും 1822/ഇഎൽ3/2002/ഇലക്. എന്ന നമ്പറിലുള്ള സംസ്ഥാന സർക്കാറിന്റെ പുനർ വിജ്ഞാപനത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

പുനർ വിജ്ഞാപനത്തിന്റെ പകർപ്പ് നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഇതേ ദിവസത്തെ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ലഭിക്കും.

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 172 — 28.6.2007 ൽ മറുപടിക്ക്

## പശുഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) പശുഗ്രാമം പദ്ധതി നടപ്പാക്കിയതു മൂലം പാലുല്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; | (എ) പശുഗ്രാമം പദ്ധതി നടപ്പിലാക്കിയത് വഴി പ്രതിദിനം ഏകദേശം 50,000 ലിറ്റർ പാലുല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട് |
| (ബി) പ്രസ്തുത പദ്ധതിയിൽ കഴിഞ്ഞ വർഷം എത്ര സങ്കരയിനം പശുക്കളെ വാങ്ങി; ഈ വർഷം എത്ര പശുക്കളെ വാങ്ങാൻ ഉദ്ദേശിക്കുന്നു; | (ബി) പശുഗ്രാമം പദ്ധതി പ്രകാരം 2006-07-ൽ 4488 സങ്കരവർഗ്ഗ പശുക്കളെയും മിൽക്ക് ഷെഡ് വികസന പദ്ധതി വഴി 1806 പശുക്കളെയും വാങ്ങി വിതരണം ചെയ്തു. കൂടാതെ 2007-08 സാമ്പത്തിക വർഷത്തിൽ മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 4870 സങ്കര വർഗ്ഗ ഇനം പശുക്കളെ വാങ്ങാനും ഉദ്ദേശിക്കുന്നു. |
| (സി) വിദർഭ മോഡൽ പദ്ധതിയുടെ ഭാഗമായി ഉല്പാദനക്ഷമത കൂടിയ സങ്കരയിനം പശുക്കളെ വാങ്ങി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) വിദർഭ മോഡൽ പദ്ധതിയുടെ ഭാഗമായി 3000 പശുക്കളെ വാങ്ങി മൃഗസംരക്ഷണ വകുപ്പ് മുഖേന കർഷകർക്ക് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഈ വർഷം എത്ര ലിറ്റർ പാൽ കൂടുതൽ ഉല്പാദിപ്പിക്കപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഡി) 2007-08 വർഷത്തിൽ സംസ്ഥാനത്ത് 1400 ലക്ഷം ലിറ്റർ പാലിന്റെ ഉൽപ്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 173 — 28.06.2007 ൽ മറുപടിക്ക്

വല്ലാർപാടം ട്രാൻസ്ഷിപ്പ്മെൻറ് കണ്ടെയിനർ ടെർമിനൽ പദ്ധതി

ചോദ്യം — മറുപടി

ശ്രീ.വി.എസ്. അച്ചുതാനന്ദൻ
( ബഹുമാനപ്പെട്ട മുഖ്യമന്ത്രി )

ശ്രീ. സാജു പോൾ:
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം.എം. മോനായി:
ശ്രീ. എം.കെ. പുരുഷോത്തമൻ:
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | 'വല്ലാർപാടം ട്രാൻസ്ഷിപ്പ്മെൻറ് കണ്ടെയിനർ ടെർമിനൽ' പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ, | എ) | പൂർണ്ണമായും കേന്ദ്രസർക്കാർ പദ്ധതിയായ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെൻറ് ടെർമിനൽ പദ്ധതിയുടെ അടിസ്ഥാനസൗകര്യങ്ങളായ റോഡ്/റെയിൽ കണക്റ്റിവിറ്റിക്കായുള്ള ഭൂമി ഏറ്റെടുത്ത് നൽകുന്നത് മാത്രമാണ് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. പദ്ധതി പ്രദേശത്തെ നിലവിലെ റയിൽവേലൈനുമായി ബന്ധിപ്പിക്കുന്ന പുതിയ റയിൽപാതയ്ക്കും , നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന 4 വരി പാതയ്ക്കും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. റയിൽ പാതയ്ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി അർജൻസി ക്ലോസ് ഉൾപ്പെടുത്തി 4(1) വിജ്ഞാപനം 04/12/2006-ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. സർവെയ്സ് ആൻഡ് ബൗണ്ടറിസ് ആക്ട് പ്രകാരമുള്ള പുതുക്കിയ 6(1) വിജ്ഞാപനം 19/12/2006-ലെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. 6/07-ൽ മുളവുകാട്,ചേരാനല്ലൂർ എന്നീ സ്ഥലങ്ങളെ സംബന്ധിച്ച Draft Declaration പ്രസിദ്ധീകരിച്ചു. ഇടപ്പള്ളി നോർത്ത്, ഇടപ്പള്ളി സൗത്ത് എന്നീ സ്ഥലങ്ങളെ സംബന്ധിച്ച Draft Declaration ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ഈ പദ്ധതിയെ കേരള സർക്കാരിന്റെ Fast Track പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കുവേണ്ടി |

| | | | |
|---|---|---|---|
| | | | സ്ഥലം സ്വമേധയാ നൽകാൻ തയ്യാറുള്ള വ്യക്തികളിൽ നിന്നും Direct Purchase മുഖേന സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. District Level Purchase Committee (DLPC) തയ്യാറാക്കി Empowered Committee അംഗീകരിച്ച റേറ്റിൽ ആണ് ഭൂമി ഏറ്റെടുക്കുന്നത്. തൃക്കാക്കര വില്ലേജിലെ എല്ലാ ഭൂമി ഉടമകളും കടമക്കുടി വില്ലേജിലെ 21 ഭൂമി ഉടമകളും തങ്ങളുടെ ഭൂമി സർക്കാരിന് വിട്ടുനൽകി. ഈ ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യക്ക് നൽകിക്കഴിഞ്ഞു. ഇപ്രകാരം സ്വമേധയാ നൽകാൻ തയ്യാറാകാത്ത വ്യക്തികളിൽ നിന്നും Land Acquisition Act മൂലം ഭൂമി ഏറ്റെടുക്കുന്നതാണ്. അതിനായുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു |
| ബി | റോഡ്-റെയിൽ നിർമ്മാണ പ്രവർത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | ബി | വല്ലാർപാടം പദ്ധതി പ്രദേശത്തെ നിലവിലെ റയിൽവേലൈനുമായും നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിനുള്ള റയിൽപാതയുടെയും റോഡിന്റെയും നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു ഈ നിർമ്മാണപ്രവർത്തിയുടെ ഔപചാരിക ഉദ്ഘാടനം 2007 ഫെബ്രുവരി 9-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചു. ഇപ്പോൾ കായൽ പ്രദേശത്തുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആണ് ആരംഭിച്ചിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം മറ്റു ഭാഗങ്ങളിലെ നിർമ്മാണജോലികൾ ആരംഭിയ്ക്കും. റയിൽ വികാസ് നിഗാം ലിമിറ്റഡ്, നടപ്പിലാക്കുന്ന റയിൽപാത നിർമ്മാണത്തിന്റെ കരാർ 21/02/2007ൽ M/s AFCONS INFRASTRUCTURE LTD- എന്ന സ്ഥാപനത്തിന് നൽകി. അവർ 23/03/2007-ൽ നിർമ്മാണം ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നടപ്പിലാക്കുന്ന നാലുവരിപ്പാതയിലെ റോഡിന്റെയും പാലങ്ങളുടെയും കരാർ M/s SUNCON-SOMA JOINT VENTURE, NEW DELHI- എന്ന സ്ഥാപനത്തിന് 18/05/2007-ൽ നൽകി. പ്രസ്തുതപാതയിലെ chainage 8.3 കിലോമീറ്റർ മുതൽ 15 കിലോമീറ്റർ വരെയുള്ള ഭാഗത്തിന്റെ embankment കൊച്ചിൻ തുറമുഖട്രസ്റ്റ് ഡപ്പോസിറ്റ് വർക്ക് ആയി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തികൾ 25/01/2007-ൽ ആരംഭിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| സി | ഇവയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; | സി | പൂർത്തിയായിവരുന്നു. |
| ഡി | പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ? | ഡി | പദ്ധതി കമ്മീഷൻ ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നത് 01/04/2009-ൽ ആണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 174** — **28.6.2007-ൽ മറുപടിക്ക്**

### "പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് വിദേശ വിപണി"

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.സി.എച്ച്.കുഞ്ഞമ്പു
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.അൽഫോൺസ് കണ്ണന്താനം

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളും സേവനങ്ങളും വിദേശ വിപണിയിൽ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിദേശ വിപണി കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് വിദേശ വിപണി കണ്ടെത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ?

**ഉത്തരം**

ശ്രീ.എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) ഉം (ബി) ഉം.
ഉണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളും സേവനങ്ങളും വിദേശ വിപണിയിൽ എത്തിക്കുന്നതിന് പ്രധാന വ്യാപാര മേളകളും പ്രോത്സാഹന പരിപാടികളും സർക്കാർ സംഘടിപ്പിക്കുകയും ഇന്ത്യയിലും വിദേശത്തുമുള്ള പ്രധാന വ്യാപാര മേളകളിലും പ്രദർശനങ്ങളിലും കേരളം പങ്കെടുക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

(സി) ഉണ്ട്. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് 144 ഡീസൽ ആട്ടോറിക്ഷകൾ ഈജിപ്റ്റിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 48 വാഹനങ്ങൾ 2007 ജൂലൈ മാസത്തിലും അടുത്ത 48 വാഹനങ്ങൾ ജൂലൈ 31ന് മുമ്പും ശേഷിക്കുന്ന 48 വാഹനങ്ങൾ ആഗസ്റ്റ് 31-ന് മുമ്പും കയറ്റി അയയ്ക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

# <u>വിശദീകരണക്കുറിപ്പ്</u>

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണി കണ്ടെത്തുന്നതിനു വേണ്ടി പൊതുവായി Buyer/Seller മീറ്റുകൾ, ദേശീയ-അന്തർദേശീയ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കൽ, അത്തരം മേളകൾ സംഘടിപ്പിക്കൽ എന്നിവ വഴി വ്യവസായങ്ങൾക്ക് വിപണി കണ്ടെത്തുവാനുള്ള സഹായങ്ങൾ ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിൽ സർക്കാർ നൽകുന്നുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പ്പന്നങ്ങളും സേവനങ്ങളും വിദേശവിപണിയിൽ എത്തിക്കുന്നതിന് പ്രധാന വ്യാപാരമേളകളും പ്രോത്സാഹന പരിപാടികളും സർക്കാർ സംഘടിപ്പിക്കുകയും ഇന്ത്യയിലും വിദേശത്തുമുള്ള പ്രധാന വ്യാപാരമേളകളിലും പ്രദർശനങ്ങളിലും കേരളം പങ്കെടുക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് വിദേശവിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 144 ഡീസൽ ഓട്ടോറിക്ഷകൾ ഈജിപ്റ്റിലേയ്ക്ക് കയറ്റുമതി ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 48 വാഹനങ്ങൾ ജൂലൈ ആദ്യവാരം കയറ്റി അയയ്ക്കുവാൻ ഉദ്ദേശിക്കുന്നു. അടുത്ത 48 വാഹനങ്ങൾ ജൂലൈ 31ന് മുമ്പും ശേഷിക്കുന്ന വാഹനങ്ങൾ ആഗസ്റ്റ് 31ന് മുമ്പും കയറ്റി അയയ്ക്കാനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

SO

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 175

28-6-2007-ൽ മറുപടിക്ക്

### ബി.പി.എൽ. കാർഡുടമകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി. ജോസഫ് | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ. സംസ്ഥാനത്ത് ഇപ്പോൾ ബി.പി.എൽ വിഭാഗത്തിൽ എത്ര കാർഡുടമകൾ ഉണ്ടെന്നും ഇത്തരം കാർഡുകളിൽ ഉൾപ്പെട്ട എത്രപേർ ഉണ്ടെന്നും അറിയിക്കുമോ; | എ. 2007 ഏപ്രിൽ മാസത്തെ റേഷനിംഗ് റിപ്പോർട്ടു പ്രകാരം സംസ്ഥാനത്ത് ആകെ 20,95,282 ബി.പി.എൽ. റേഷൻ കാർഡുകളുണ്ട്. ഈ കാർഡുകളിൽ ആകെ 1,11,11,325 അംഗങ്ങളും ഉണ്ട്. |
| ബി. ബി.പി.എൽ കാർഡുടമകൾക്ക് നൽകുന്ന അരിയുടെയും മറ്റ് ഉല്പന്നങ്ങളുടെയും അളവ് പ്രതിവർഷം എത്രയാണെന്ന് വെളിപ്പെടുത്തുമോ? | ബി. ബി.പി.എൽ. റേഷൻ കാർഡുടമകൾക്ക് നല്കുന്ന റേഷൻ സാധനങ്ങളുടെ വാർഷിക വിഹിതം ചുവടെ ചേർക്കുന്നു:<br>ബി.പി.എൽ. റേഷൻ കാർഡുകളിൽ കാർഡൊന്നിന് പ്രതിമാസം 25 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾ (അരിയും ഗോതമ്പും) എന്ന കണക്കിൽ പ്രതിവർഷം 300 കി.ഗ്രാം ഭക്ഷ്യ ധാന്യവും ബി.പി.എൽ കാർഡിലെ അംഗത്തിന് പ്രതിമാസം 400 |

S.175

ഗ്രാം പഞ്ചസാര എന്ന ക്രമത്തിൽ ഒരംഗത്തിന് ഒരു വർഷം 4,800 ഗ്രാം പഞ്ചസാരയും വൈദ്യുതീകരിച്ച വീടുള്ള ബി.പി.എൽ കാർഡുടമകൾക്ക് കാർഡ് ഒന്നിന് ഒരു മാസം 2 ലി. മണ്ണെണ്ണ എന്ന ക്രമത്തിൽ പ്രതി വർഷം 24 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള ബി.പി.എൽ കാർഡുടമകൾക്ക് കാർഡൊന്നിന് പ്രതിമാസം 5 ലി. എന്ന ക്രമത്തിൽ ഒരു വർഷം 60 ലിറ്റർ മണ്ണെണ്ണയും അനുവദിച്ചു നൽകിവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 176 · 28.06.2007 ൽ മറുപടിക്ക്

വല്ലാർപാടം കണ്ടെയിനർ ടെർമിനലിന്റെ പ്രവർത്തനം

ചോദ്യം

പ്രൊഫ. കെ.വി.തോമസ്

മറുപടി

ശ്രീ.വി.എസ്. അച്ചുതാനന്ദൻ
( ബഹുമാനപ്പെട്ട മുഖ്യമന്ത്രി )

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വല്ലാർപാടം കണ്ടെയിനർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചുവെന്നു വെളിപ്പെടുത്തുമോ; | എ | വല്ലാർപാടത്തെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ICTT) നിർമ്മിക്കുന്നതിനുള്ള കരാർ ദുബായ് പോർട്ട് വേൾഡിന്റെ സബ്സിഡിയറിയായ ഇൻഡ്യാ ഗേറ്റ്വേ ടെർമിനൽ പ്രൈവറ്റ് ലിമിറ്റഡ് **(IGT)** എന്ന കമ്പനിയുമായി 31/01/2005ൽ ഒപ്പുവെച്ചു. കരാർ വ്യവസ്ഥ പ്രകാരം കൊച്ചിൻ തുറമുഖ ട്രസ്റ്റിന്റെ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ **(RGCT)** 01/04/2005 ൽ പ്രസ്തുത കമ്പനിക്ക് കൈമാറി. വല്ലാർപാടം ടെർമിനൽ കമ്മീഷൻ ചെയ്യുന്നതുവരെ ഇത് പ്രസ്തുത കമ്പനി പ്രവർത്തിപ്പിക്കും<br>9/11/2006-ൽ വല്ലാർപാടം പദ്ധതിക്കുള്ള പാരിസ്ഥിതികാനുമതി **(Environmental clearance)** ലഭ്യമാക്കി. 02/11/2006-ൽ പദ്ധതി പ്രദേശത്തിന് Special **Economic Zone Act** 2005 പ്രകാരം, പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമാക്കി. പദ്ധതിയുടെ നിർമ്മാണത്തിനു മുന്നോടിയായുള്ള **Geo Technical Investigation**-ും **Pile load Testing**-ും പൂർത്തിയാക്കി. ആവശ്യമായ ഭൂമി നികത്തൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തനവും പൂർത്തീകരിച്ചു, ടെർമിനൽ നിർമ്മാണത്തിനായുള്ള ദർഘാസ് IGT ക്ഷണിച്ചുകഴിഞ്ഞു. ദർഘാസ് ലഭിക്കേണ്ട തീയതി 01/08/2007 ആണ്. നിർമ്മാണപ്രവർത്തനം 2007 സെപ്റ്റംബർ മാസത്തിൽ ആരംഭിക്കാനാവും എന്ന് പ്രതീക്ഷിക്കുന്നു. |
| ബി | റോഡ്, റെയിൽവേ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | ബി | <u>റോഡ് കണക്റ്റിവിറ്റി</u><br>പദ്ധതി പ്രദേശത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിനുള്ള പാതയുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ(NHAI)-യെ ആണ് ഏല്പിച്ചിരിക്കുന്നത്. ഇതിന് 557.17 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നു. Chainage 8.3 കിലോമീറ്റർ മുതൽ 15 കിലോമീറ്റർ വരെയുള്ള റോഡിന്റെ embankment നിർമ്മിക്കുന്ന ജോലി കൊച്ചിൻ തുറമുഖട്രസ്റ്റ് ഒരു ഡപ്പോസിറ്റ് വർക്ക് ആയി 65 കോടി രൂപയ്ക്ക് നടപ്പാക്കിവരുന്നു. ഈ ജോലി 25/01/2007-ൽ തുടങ്ങി; പുരോഗമിച്ചുവരുന്നു.<br>റോഡുകളും പാലങ്ങളും നിർമ്മിയ്ക്കുന്ന ജോലി National Highway Authority of India, M/s SUNCON-SOMA JOINT VENTURE,NEW DELHI- എന്ന കമ്പനിക്ക് 18/05/2007-ൽ കോൺട്രാക്ട് വ്യവസ്ഥയിൽ ഏല്പിച്ചു.<br><u>റയിൽ കണക്ടിവിറ്റി</u><br>പദ്ധതി പ്രദേശത്തെ റയിൽവേലൈനുമായി ബന്ധിപ്പിക്കുന്നതിനുള്ള റയിൽപാതയുടെ നിർമ്മാണം റയിൽ വികാസ് നിഗാം ലിമിറ്റഡ് (RVNL) ആണ് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്, ഇതിനായി കണക്കാക്കിയിരിക്കുന്ന ചെലവ് 245.67 കോടി രൂപയാണ്. കേന്ദ്ര സർക്കാരിൽ നിന്നുള്ള Grant-in-aid സഹായം പ്രതീക്ഷിക്കുന്നു.<br>ഇതിന്റെ പണിയുടെ കോൺട്രാക്ട് M/s AFCONS INFRASTRUCTURE LTD-ന് 21/02/2007ൽ നൽകിയിട്ടുണ്ട്. 23/03/2007-ൽ പണി തുടങ്ങി. ~~2009~~ ഫെബ്രുവരി 2009-ൽ പണിപൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| സി | അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിയുള്ള സ്ഥലമെടുപ്പിനെ തുടർന്ന് ഭൂമിയും, വീടും മറ്റും നഷ്ടപ്പെട്ടവർക്ക് എന്ത് നഷ്ടപരിഹാരമാണ് നല്കുവാൻ ഉദ്ദേശിക്കുന്നത്? | സി | അടിസ്ഥാന സൗകര്യങ്ങളായ റോഡിനും റയിൽപാതയ്ക്കും വേണ്ടിയുള്ളസ്ഥലമെടുപ്പിനെ തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് താഴെപ്പറയുന്ന രീതിയിൽ നഷ്ടപരിഹാരം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>റയിൽവെ കണക്ടിവിറ്റി<br>റയിൽപാതക്ക് വേണ്ടി സ്ഥലമെടുത്ത കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുകയോ, അല്ലെങ്കിൽ അവർ ഇപ്പോൾ താമസിച്ച പ്രദേശങ്ങളിലെ സൗകര്യങ്ങളെക്കാൾ മികച്ച സൗകര്യം ഉള്ള സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുകയോ ചെയ്യുന്നതാണ്. ഇത് ഒരു വർഷത്തിനുള്ളിൽ നടപ്പാക്കും. ഫാസ്റ്റ് ട്രാക്ക് പദ്ധതികളിൽ നടപ്പാക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം വിലപേശിയാണ് (Negotiable Purchase) ഭൂമി ഏറ്റെടുക്കുന്നത്. ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളിലെ ഒരാൾക്ക് വീതം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുമായി ബന്ധപെട്ട |

| | | | |
|---|---|---|---|
| | | | വികസനപദ്ധതികളിൽ ജോലി നൽകുന്നതിന് മുൻഗണന നൽകും. പച്ചാളത്തും, വടുതലയിലും റെയിൽ ക്രോസിംഗുകൾക്കുപകരം Round About Project- കൾ സ്ഥാപിക്കും. ഇവയുടെ നിർമ്മാണം റെയിൽപാത നിർമ്മാണത്തിനൊപ്പം തന്നെ നടത്തുന്നതാണ്. ഇതിന്റെ ചെലവിന്റെ 1/3 ഭാഗം കൊച്ചിൻ തുറമുഖ ട്രസ്റ്റ് വഹിക്കുന്നതാണ്.<br><br>**റോഡ് കണക്റ്റിവിറ്റി**<br><br>പദ്ധതി പ്രദേശത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന പദ്ധതിയ്ക്കായുള്ള സ്ഥലമെടുപ്പ് സംസ്ഥാനത്തിന്റെ അതിവേഗപദ്ധതി (**Fast Track Project**) യിൽ ഉൾപ്പെട്ടതാണ്. ഇത് പ്രകാരം ഭൂമി നൽകാൻ സന്നദ്ധരായ ഭൂ ഉടമകളിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്യുന്നത്. ഭൂമിയുടെ വില നിശ്ചയിക്കുന്നത് Empowered Committee- യുടെ അംഗീകാരത്തിനു വിധേയമായി District Level Purchase Committee ആണ്. മറ്റുള്ളവയിൽ Land Acquisition Act പ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നത്. |

(signature)
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 177 — 28/6/2007 ൽ മറുപടിയ്ക്ക്

### പ്രത്യേക സാമ്പത്തികമേഖലയിലെ തൊഴിൽ നിയമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ബാബു.<br>ശ്രീ.എം.എ.വാഹിദ്,<br>ശ്രീ.കെ.സുധാകരൻ | ശ്രീ.വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) 'സ്മാർട്ട് സിറ്റി' പ്രത്യേകസാമ്പത്തിക മേഖലയാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) സ്മാർട്ട്സിറ്റി പദ്ധതിയ്ക്ക് പ്രത്യേക സാമ്പത്തികമേഖല പദവി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) പ്രത്യേക സാമ്പത്തിക മേഖലയിൽ തൊഴിൽ നിയമങ്ങൾ ബാധകമാണോ എന്ന് വ്യക്തമാക്കുമോ;<br><br>(സി) അല്ലാത്തപക്ഷം അവിടെ തൊഴിൽ ചെയ്യുന്നവരിൽ എത്രശതമാനം പേർ തൊഴിൽ നിയമങ്ങൾ ബാധകമല്ലാത്തവരായി തീരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. | (ബി) & (സി) സംസ്ഥാനത്തിനുവേണ്ടി അംഗീകരിച്ചിരിക്കുന്ന SEZ നയം ജി.ഒ (സാധാ)576/03/വിസാവ. തീയതി. 17-6-03 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം തൊഴിൽനിയമങ്ങൾ ബാധകമാണ്. എന്നാൽ Contract Labour (Regulation & Abolition) Act 1970 ബാധകമാക്കുന്നത് SEZ നെസംബന്ധിച്ച് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ പ്രത്യേക സാമ്പത്തിക മേഖലയിലെ എല്ലാ വ്യവസായയൂണിറ്റുകളെയും, മറ്റ് സ്ഥാപനങ്ങളെയും Industrial Dispute Act പ്രകാരം Public Utility Service ആയി പ്രഖ്യാപിക്കുമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. |

— — — —

| | |
|---|---|
| (ഡി) മറ്റെന്തെല്ലാം നിയമങ്ങളാണ് പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ബാധകമാകാത്തതെന്ന് വ്യക്തമാക്കുമോ? | (ഡി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (സാധാ)573/03/വിസാവ. തീയതി. 17-6-2003 അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻആഫീസർ

GOVERNMENT OF KERALA

Abstract

Industries Department-Policy regarding setting up of Special Economic Zone in the State-approved-Orders issued.

INDUSTRIES (J) DEPARTMENT

G.O.(Rt) No. 576/2003/ID dated, Thiruvananthapuram 17-6-2003

Read:-Letter No. D(P)/1/2002:CSEZ/5805 dated 6-9-2002 of Development Commissioner, Cochin Special Economic Zone, Government of India.

**ORDER**

Government of India have introduced the concept of Special Economic Zone (SEZ) for the purpose of Trade operations with exemption from customs duties and more liberalized regime in respect of other levies, foreign investment and other transactions. Government of India have also recommended formulation of a State 'SEZ Policy'.

Government have considered the matter in detail and are pleased to approve the SEZ policy for the State which is appended to this order.

By Order of the Governor

P.H. Kurian
Secretary to Government

To

The Secretary to Government of India, Ministry of Commerce and Industry, New Delhi (With CL)
All Principal Secretaries/ Secretaries to Government
The Development Commissioner, Cochin Special Economic Zone, Kakkanad, Kochi.
The Managing Director, Kinfra, Thiruvananthapuram
The Managing Director, KSIDC Ltd., Thiruvananthapuram
The Member Secretary, Kerenl, Thiruvananthapuram
The Chairman, Kerala State Pollution Control Board, Thiruvananthapuram
The Director of Industries and Commerce, Thiruvananthapuram

Copy to: Addl.Secretary to Chief Secretary
The General Administration (SC) Department (Vide Council decision No. 2020).

The Power, Finance, Local Self Government: Rural Development, Law, labour, Water Resources and Taxes Departments
All Officers and Sections of Industries Department

Forwarded / By Order

Section Officer

## Government of Kerala

**Policy regarding setting up of Special Economic Zones in the State**

**Preamble**

Government of India have introduced the concept of Special Economic Zones (SEZ's) in the year 2000. The Exim Policy of the Government of India has been amended to define SEZ's as foreign territory for the purpose of trade operations, duties and tariff. The Customs Act, 1962 has also been amended to place the SEZ's outside the Customs territory of India. The effort has been to create delineated duty-free enclaves with world-class infrastructure and fast track clearances to attract investments, including FDI, for servicing the global market. The new generation of SEZ's being planned are to comprise 1000 hectares or more, as they are designed to be self-contained facilities integrated industrial townships with all facilities; however the industrial area will have to be at least 25% of the total area. Government of India have even permitted FDI up to 100% for development of integrated townships, including housing, commercial premises, hotels, resorts, city and regional level urban infrastructure facilities such as roads and bridges and mass rapid transit systems and fast-track clearances will ensured to SEZ's so that the facilities come up fast, and are priced competitively with comparable facilities in the rest of world in order that the foreign investors do find locating their operations in Indian SEZ's attractive. The SEZ units are also granted concessions on income tax and exemption from customs and excise duties and a more liberal regime in respect of other levies, foreign investment and other transactions. Domestic regulations, restrictions and infrastructure inadequacies are sought to be eliminated in the SEZ's.

The SEZ's have particular appeal for Kerala. From a national perspective Kerala is located in the South West corner of the country, but geo-strategically, Cochin is just 12 nautical miles off the international maritime highway from Europe to the Pacific Rim. This is the busiest maritime highway in the world. The major International Air Routes A330, G462, R457 and W15, also over-fly Cochin. Cochin is also closer than any other Indian city to the economic power houses of Asia in the Middle East and East and South East Asia.

8

Keralites already have a toe-hold in these areas, and Kerala could use this to produce goods and services for these markets. Giving an export-orientation to the Kerala economy and gearing up infrastructure and systems to produce for the world market and to service the world market thus holds the promise of rich dividends for Kerala in terms of wealth creation and employment generation. The SEZ's enhance the capacity of Kerala to do this.

The Cochin Export Processing Zone has already been converted into an SEZ. Government have already taken the lead to develop a Greater Cochin SEZ by adding on more phases of the SEZ at Cochin Port, Cochin Airport, and by forming customs-bonded industrial areas along the Airport-Seaport Highway connecting the two, to form an Industrial Corridor, to the existing SEZ at Cochin. The strategy would be to form an Freeport and a multi-modal logistics hub at Cochin to enhance its geo-strategic locational advantage.

The Government have already announced setting up of 3 other Industrial Development Zones at Thiruvananthapuram, Kanjikode (Palakkad) and Kozhikode. These IDZ's may also be converted to SEZ's subject to the framework of SEZ's determined by the Government of India from time to time.

The matter of formulating a policy regarding the development of SEZ's has been engaging the attention of the State Government in the context of Government of India's guidelines for the establishment of SEZ's.

It has now been decided that the following policy will apply to proposed SEZ's at Kochi, Thiruvananthapuram, Kanjikode (Palakkad), Kozhikode and at any other SEZ in Kerala subject to the framework of SEZ's determined by Government of India from time time.

**1. Implementing Agency**

The Government shall endeavor to develop SEZ's on its own, or in the public, private or joint sector. KINFRA will be the nodal State Agency for implementation of SEZ's either independently or in association with the private sector partners. Extensive areas will be brought under these SEZ's, for which land acquisition will be initiated by KINFRA.

The Government shall consider permitting KSIDC/KINFRA in individual cases to convert the cost of land/buildt up modules as equity in the units in the SEZ's. These public private partnerships will be structured as Special Purpose Vehicles (SPVs) for the development of SEZ's as "SEZ Developer". These SEZ Developers will find, develop, market and maintain the SEZ's. The infrastructure in an SEZ may be developed wholly by one SEZ Developer, or by a number of SEZ Developers.

The Government shall endeavour to extend to such SEZ Developers as notified by the Government of India all facilities to enable them to develop the SEZ's as world-class facilities in the shortest possible time.

**2. Designated Authority**

An exclusive Development Commissioner for each SEZ will look after all matters pertaining to the SEZ's in the state. The Development Commissioner shall fulfill a three-fold role:

1. Regulation : To provide clearances under various statutes and regulations of Government of India and State Government.
2. Facilitation : To facilitate clearances not granted within the SEZ and to advise Government on issues requiring policy amendments or clarifications.
3. Promotion : To undertake marketing of the SEZ's along with the SEZ Developer. The Government shall endeavour to delegate to the Development Commissioner or to a body headed by the Development Commissioner such powers as are necessary for expediting clearances for Developers and units in the SEZ.

**3. Environment**

Environmental clearances for the projects, from State and Central Governments will have to be obtained as per relevant statues. NOCs, consents and other clearances required from the Kerala State Pollution Control Board for units and activities within the SEZ's would be granted by the empowered officer of the Board working under the administrative supervision and control of the Development Commissioner of the SEZ's. In the event Government of India delegates its power to give environmental

clearances to the designated Development Commissioner or any other authority within the SEZ, the clearances may be sought accordingly.

**4. Clerances**

*SEZ's* will be notified as an Industrial area under the Kerala Industrial Single Window Clearance Board and industrial Township Area development Act, 1999 and exempted from *obtaining* permits from Municipalities/Grama Panchayats/Town Planning Department/Development Authorizes for construction of buildings for starting an industrial undertaking.

Wherever the area of SEZ is large enough the State Government will declare the *SEZ's* as Industrial Township under the Kerala Industrial Single Window Clearance Board and *Industrial* Township Area Development Act, 1999 to enable the SEZ's to function as self-governing *autonomous* municipal bodies.

A Single Window Clearance Board will be notified for *each* SEZ under the Kerala Industrial Single Window Clearance Board and *Industrial Township* Area Development Act, 1999 for providing fast-track clearances under that Act.

The Government shall *continuously* endeavour to provide a simplified business-working environment ~~shall continuously endeavour to provide a simplified business working environment~~ within the SEZ. All *clearances* outside the ambit of that Act will have pre-laid guidelines and time frame for processing approvals. A self-certification regime will be introduced for all industries in the SEZ. To the extend possible, regulation and governance on the SEZ shall rest with the *Development* Commissioner. Physical inspections would be undertaken in accordance with a schedule prepared in consultation with Development Commissioner.

**5. Water Supply**

Government by themselves or through the SEZ shall ensure the provision of adequate water supply within the SEZ.

203

## 6. Power

The SEZ Developer will ensure supply of uninterrupted, good quality power to the SEZ's at competitive rates. To this end the SEZ Developer shall have freedom to arrange dedicated provision of power for the SEZ, including generation, transmission and distribution, and in fixing tariffs for the SEZ subject to the approval of the statutory authority in this regard. The SEZ Developer may establish a Captive Power Plant (CPP) to meet the requirements of all consumers within the SEZ. The SEZ Developer may procure power from NTPC or any other IPP which could be wheeled through the State grid at a charge to be mutually agreed upon. The SEZ Developer would be entitled to get the exclusive license for the retail distribution of power within the SEZ. The SEZ Developer will also be permitted to establish grid connectivity for distribution of power within the Zone, subject to his entering into a separate agreement with Kerala State Electricity Board (KSEB) on mutually acceptable terms. Power from the State Grid shall be supplied as per requirement for which no 'stand-by charge' will be realized; it will be charged on 'pay and use' basis. Surplus electricity generated in the SEZ shall be purchased by the KSEB on mutually acceptable terms.

Power generated within the SEZ's shall be exempted from payment of electricity duty for a period of 10 years from the date of commissioning.

## 7. State Taxes, Duties, Local Taxes and Levis

Developers of SEZ's and industrial units and other establishments within the SEZ's will be exempted from all State and local taxes and levies, including Sales Tax, Purchase Tax, Entry Tax etc. in respect of all transactions made between units/establishments within the SEZ's, and in respect of the supply of goods and services from the Domestic Tariff Area to units/establishments in the SEZ. If due to tax system constraints, it is not advisable to grant direct exemption to the transactions, the State taxes paid would be reimbursed.

Amendments shall be made in State level rules and legislations governing levy of Sales Tax, Turnover Tax, Purchase Tax, Entry Tax, VAT, State Level Cesses,

Betterment Levies, etc. reflecting the position that the SEZ is foreign territory outside the Customs territory of India, and hence outside the State, for purposes of trade, tariffs, duties and taxes, so that sales from the DTA into the SEZ shall count as exports and sales from the SEZ's to the DTA shall count as imports. SEZ Developers and units in SEZ's shall be exempted from payment of Stamp Duty and Registration fees for transactions involving land or built-up area in the SEZ's.

**8. Labour Regulations**

The powers of the Labour Commissioner, Government of Kerala, shall be delegated to the designated Development commissioner or other authority in respect of the area within the SEZ. Steps will be taken for grant of permissions/licences required from the Chief Inspector of Factories and Boilers within the SEZ's themselves by stationing exclusive personal for the purpose. Except in emergent circumstances the prior permission of the Development Commissioner or other designated authority of SEZ would be required for the conduct of inspection industrial units and other establishments within the SEZ by state government agencies. Government also proposes to permit self-certification to the extent possible for SEZ Units and establishments in respect of various labour laws.

All Industrial units and other establishments in the SEZ will be declared as the "public utility service" under the provisions of Industrial Dispute Act.

The Government shall endeavor to bring in a special level dispensation to provide a more liberalized environment within the SEZ's. The SEZ will be exempted from the operation of the Contract Labour (Regulation and Abolition) Act, 1970 to provide units flexibility to take advantage of variations in demand in global markets, and to give confidence to managements to increase employment in such circumstances. Government also propose to take up with Government of India the need to legislate amendments to the Factories Act, 1948 to permit women to work in night shifts subject to suitable safeguards. The SEZ's will be brought within the purview of the Kerala Loading and Unloading (Regulation of Wages and Restriction of Unlawful Practices) Act, 2002 (10 of 2002) so as to permit managements to induct state-of-the art practices in material handling. Subject to the Legislature approval and

207

Government of India's assent, amendments are proposed in the Industrial Disputes Act, inter-alia, limiting the applicability of Chapter VB to industries employing 300 or more workmen.

Government proposes to institute a consolidated annual return format under various labour laws.

**9. SSI & IT Registration**

The power to grant provisional and permanent SSI registration and Letter of Intent and registration of Information Technology units, will be delegated to the Development Commissioner or other designated authority in respect of units in SEZ's.

**10. Escort Services**

Directorate of Industries and Commerce, Kerala State, Kerala State Industrial Development Corporation, Kerala Industrial Infrastructure Development Corporation, Resident Commissioner, Kerala House, New Delhi shall provide effective escort services to enterpreneurs/promoters who are desirous or making investments in SEZ.

**11. Law and Order**

The State Government shall make appropriate and exclusive arrangements within SEZ's for the maintenance of law and order.

**12. Committee for review and development of SEZ.**

The state Government shall constitute a committee of Secretaries and other concerned officials, including the Development Commissioner and representatives of the SEZ Developers, under the Chairmanship of the Chief Secretary, to resolve various issues pertaining to the promotion, development and functioning of SEZ's in the State.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 178 — 28.06.2007-ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ അണക്കെട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. വി. എൻ. വാസവൻ : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടുപ്രദേശത്ത് കേന്ദ്ര സേനയെ വിന്യസിക്കാനുള്ള തമിഴ്നാടിന്റെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ് ; | (ബി ) മുല്ലപ്പെരിയാർ ഡാം സൈറ്റിൽ കേന്ദ്ര സേനയെ (സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്) വിന്യസിക്കുന്നതിന് യാതൊരു വിധ ആവശ്യകതയും ഇല്ലായെന്നാണ് കേരളത്തിന്റെ നിലപാട്. |
| (സി) ഈ വിഷയം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) മുല്ലപ്പെരിയാർ പ്രശ്നം ചർച്ചകളിലൂടെ പരിഹരിക്കുന്നതിന് തമിഴ്നാടിനെ പ്രേരിപ്പിക്കുന്നതിന് എന്തെങ്കിലും നീക്കം നടത്തുന്നുണ്ടോ? | (ഡി) മുല്ലപ്പെരിയാർ പ്രശ്നത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതുപോലെ ചർച്ചകളിലൂടെ രമ്യമായ പരിഹാരം കണ്ടെത്തുന്നതിന് തമിഴ്നാടിനെ പ്രേരിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 179 | 28/06/2007 ൽ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**

ശ്രീ.ജോസഫ് വാഴക്കൻ

ശ്രീ.കെ.കെ.ഷാജു

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി)

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതെ തുക പാഴായി പോകുന്നത് മൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് വിശദമാക്കാമോ;

(എ) 2006-07 സാമ്പത്തികവർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി നീക്കിവച്ച പദ്ധതി വിഹിതം 838.71 കോടി രൂപയാണ്. ഇതിൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിച്ച തുക 660.27 കോടി രൂപയാണ്. 2007 മാർച്ച് 31-ാം തീയതിയിലെ താൽക്കാലിക കണക്കനുസരിച്ച് 577.72 (88%) കോടി രൂപ ചെലവഴിച്ചു.

(ബി) സംസ്ഥാനത്തിന്റെ വിഹിതം വർദ്ധിപ്പിച്ച് കൂടുതൽ കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിനും ഫണ്ട് ലാപ്സാകാതെ ഉപയോഗപ്പെടുത്തുന്നതിനും എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി) മുഖ്യമന്ത്രി, ആസൂത്രണബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി എന്നിവർ വകുപ്പുതലമേധാവികളുടെ യോഗം ഇടയ്ക്കിടെ വിളിച്ച് കൂട്ടുകയും പദ്ധതി അവലോകനം ചെയ്യുകയും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഫണ്ട് നഷ്ടപ്പെടുത്താതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലേയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുകയും ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കേന്ദ്രവിഹിതം പരമാവധി ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും പ്രധാനമന്ത്രിയെയും മന്ത്രിമാരെയും കണ്ട് നിവേദനങ്ങൾ സമർപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് കേന്ദ്ര ബഡ്ജറ്റ് വിശകലനം ചെയ്ത് ആവശ്യമായ വിവരങ്ങൾ അതാതു വകുപ്പ് സെക്രട്ടറിമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പുതിയ പ്രോജക്ടുകൾ കണ്ടെത്തി കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുന്നതിനും ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കുള്ള കേന്ദ്ര ഫണ്ട് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. അംഗീകരിച്ച തുക ലഭ്യമാക്കുന്ന തിയതിവരെ നടപ്പുസാമ്പത്തിക വർഷത്തിൽ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമുള്ള ഭരണാനുമതി മുൻ മാസത്തിനുള്ളിൽ തന്നെ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ വകുപ്പുമേധാവികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രഫണ്ടിന്റെ ആദ്യഗഡു വിനിയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൃത്യസമയത്തു തന്നെ നല്കി, രണ്ടാം ഗഡു ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് നിർദ്ദേശം നല്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് കൈക്കൊണ്ടുവരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 180

28.06.2007 ൽ
മറുപടിക്ക്

## വ്യവസായങ്ങളിലെ സ്വകാര്യ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. ജി. കാർത്തികേയൻ :<br>ശ്രീ. കെ.സി. വേണുഗോപാൽ : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായങ്ങളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇപ്പോൾ തന്നെ വ്യവസായ--ങ്ങൾ സ്വകാര്യ മേഖലയിൽ നിലവിലുണ്ട്. |
| (ബി) എങ്കിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാവുന്ന വ്യവസായ--ങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും പൊതുമേഖലയ്ക്കായി മാറ്റി വച്ചിരിക്കുന്ന വ്യവസായങ്ങൾ ഒഴികെയുള്ള എല്ലാ വ്യവസായ--ങ്ങളും സ്വകാര്യ മേഖലയിലാകാ--വുന്നതാണ്. |
| (സി) വ്യവസായങ്ങളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്ന പക്ഷം അതിന്റെ പരിധി ഏതുവരെയാകാമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ? | (സി) സ്വകാര്യ മേഖലയിൽ പങ്കാളിത്തത്തിന്റെ നിയന്ത്രണം ഇല്ല. |

Vsd/-

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

വ്യവസായ വാണിജ്യ വകുപ്പിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ചെറുകിട വ്യവസായ (ചെറുകിട സേവന കച്ചവട മേഖലകൾ ഉൾപ്പെടെ) രജിസ്ട്രേഷൻ സിസ്റ്റമാണ് നിലവിലുണ്ടായിരുന്നത്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകളെല്ലാം തന്നെ സ്വകാര്യ മേഖലയിൽ ഉള്ളതാണ്. എന്നാൽ 2006 ഒക്ടോബർ 2 മുതൽ മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് 2006 പ്രകാരം മെമ്മോറാണ്ടം ഫയൽ ചെയ്യുന്ന സിസ്റ്റമാണ് നിലവിലുള്ളത്. ഇതിൽ മെമ്മോറാണ്ടം ഫയൽ ചെയ്യുന്ന ഏതാണ്ടെല്ലാം സംരംഭങ്ങളും സ്വകാര്യ മേഖലയിൽ തന്നെയാണ്. എന്നാൽ IDR Act ഒന്നാം ഷെഡ്യൂളിൽ താഴെ പറയുന്ന സംരംഭങ്ങൾ സർക്കാർ മേഖലയിലാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1. ആയുധങ്ങളും, വെടിക്കോപ്പുകളും പ്രതിരോധ ആവശ്യത്തിന് വേണ്ട ഉപകരണങ്ങൾ, വിമാനങ്ങൾ, പടക്കപ്പലുകൾ തുടങ്ങിയവ.
2. ആണവ ഊർജ്ജം.
3. കൽക്കരിയും ലിഗ്നൈറ്റും.
4. ധാതു എണ്ണകൾ.
5. ഇരുമ്പ്, മാംഗനീസ്, ക്രോമിയം, ജിപ്സം, സൾഫർ, സ്വർണ്ണം, വജ്രം തുടങ്ങിയ അയിരുകളുടെ ഖനനം.
6. ചെമ്പ്, ലെഡ്, സിങ്ക്, ടിൻ, മോളിബ്ഡിനം, വോൾഫ്രാം തുടങ്ങിയവയുടെ ഖനനം.
7. ആണവ ഊർജ്ജത്തിന്റെ ഷെഡ്യൂളിൽ പറയുന്ന ധാതുക്കൾ.
8. റെയിൽവേ ഗതാഗതം.

S.O